സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

**Independent Daily**

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 60 ലക്കം: 155 2025 സെപ്തംബർ 20 ശനി പേജ്: 4 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

## തിരുവനന്തപുരം കോർപറേഷനിലെ ബിജെപി കൗൺസിലർ തൂങ്ങി മരിച്ച നിലയിൽ

തിരു : തിരുമല ബിജെപി കൗൺസിലർ തൂങ്ങിമരിച്ച നിലയിൽ. അന്നൂർ സ്വദേശി കെ അനിൽകുമാറിനെയാണ് (52) കൗൺസിസലർ ഓഫീസിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് പറയുന്ന ആത്മഹത്യാ കുറിപ്പും ഓഫീസിൽ നിന്ന് കണ്ടെടുത്തു. ആത്മഹത്യാക്കുറിപ്പിൽ ബിജെപിക്കെതിരെ പരാമർശമുണ്ട്. അനിൽ നേതൃത്വം നൽകുന്ന സഹകരണ ബാങ്ക് സാമ്പത്തികമായി തകർന്നിരുന്നു. അതിൽ പാർട്ടി ഇടപെട്ടില്ലെന്നാണ് ആരോപണം.

# അയ്യപ്പസംഗമത്തിന് തിരിതെളിഞ്ഞു; മുഖ്യമന്ത്രിയുടെ കാറിൽ വെള്ളാപ്പള്ളിയും, ചടങ്ങിന് ആശംസ നേർന്ന് യോഗി

പത്തനംതിട്ട: ശബരിമലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് പമ്പാ മണപ്പുറത്ത് ആഗോള അയ്യപ്പസംഗമത്തിന് തിരിതെളിഞ്ഞു. തന്ത്രി മഹേഷ് മോഹനരര് നിലവിളക്കിൽ തിരിതെളിയിച്ചു. ചടങ്ങിനായി മുഖ്യമന്ത്രി പിണറായി വിജയനും എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനും ഒരേ വാഹനത്തിലാണ് എത്തിയത്. മുഖ്യമന്ത്രിയുടെ വാഹനത്തിലായിരുന്നു ഇരുവരും വേദിയിലേക്ക് എത്തിയത്. 3500 പ്രതിനിധികൾ പങ്കെടുക്കുന്ന ചടങ്ങിൽ രജിസ്റ്റർ ചെയ്തവർക്ക് പാസ് മുഖേനയാണ് പ്രവേശനം.

ശബരിമല വികസന മാസ്റ്റർ പ്ലാൻ, ശബരിമല കേന്ദ്രീകരിച്ചുള്ള ആധ്യാത്മിക ടൂറിസം, തീർഥാടന തിരക്ക് നിയന്ത്രണം അടിസ്ഥാനമാക്കിയുള്ള ചർച്ചകളും നടക്കും. മാസ്റ്റർപ്ലാൻ ചർച്ച മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാറും ആധ്യാത്മിക ടൂറിസം ചർച്ച പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ. നായരും തിരക്ക് നിയന്ത്രണത്തെക്കുറിച്ചുള്ള ചർച്ച റിട്ട. ഡിജിപി ജേക്കബ് പുന്നൂസും നയിക്കും. സംഗമത്തിന്റെ പേരിൽ സർക്കാർ രാഷ്ട്രീയം കളിക്കുന്നെന്ന് ആരോപിച്ച് യുഡിഎഫും ബിജെപിയും സംഘപരിവാർ സംഘടനകളും പങ്കെടുക്കുന്നില്ല. പന്തളം കൊട്ടാരം പ്രതിനിധികളും സംഗമത്തിൽനിന്ന് വിട്ടുനിൽക്കുകയാണ്.

അതേസമയം ബിജെപി നേതാവും യുപി മുഖ്യമന്ത്രിയുമായ യോഗി ആദിത്യനാഥ് അയ്യപ്പ സംഗമത്തിന് ആശംസകളറിയിച്ചിട്ടുണ്ട്. മന്ത്രി



വി.എൻ.വാസവൻ യോഗിയെ സംഗമത്തിന് ക്ഷണിച്ചിരുന്നു. ഇതിന് മറുപടിയായുള്ള കത്തിലാണ് യോഗി ആദിത്യനാഥ് ആശംസകളറിയിച്ചത്.

'ആഗോള അയ്യപ്പ സംഗമത്തിൽ പങ്കെടുക്കാനുള്ള ക്ഷണത്തിന് നന്ദി. പുരാതന ഇന്ത്യൻ ജ്ഞാനവും പാരമ്പര്യങ്ങളും പ്രചരിപ്പിക്കേണ്ടത് ആവശ്യമാണ്. അഗോള അയ്യപ്പ സംഗമത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ഈ സമ്മേളനം അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ വിജയിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു' യോഗി ആദിത്യനാഥ് കത്തിൽ കുറിച്ചു.

# വിശ്വാസികൾ കൈകാര്യം ചെയ്തപ്പോൾ പല ക്ഷേത്രങ്ങളും തകർച്ചയിലായി: മുഖ്യമന്ത്രി



പമ്പ: ശബരിമലക്ക് വേറിട്ടതനതായ ചരിത്രവും ഐതിഹ്യവുമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശബരിമല വേർതിരിവുകൾക്കും ജാതിമത ഭേദമില്ലാതെ മതാതീത ആത്മീയതയെ ഉത്ഘോഷിക്കുന്ന എല്ലാ മനുഷ്യർക്കും ഒരുപോലെ പ്രാപ്തമായ ആരാധനാലയമാണ്. ആ നിലയ്ക്ക് ശബരിമലയെ നമുക്ക് ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ആഗോള അയ്യപ്പസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

തീർത്ഥാടകർക്ക് എന്താണ് വേണ്ടത് എന്ന് സർക്കാരും ദേവസ്വം ബോർഡും ഏകപക്ഷീയമായി സങ്കൽപ്പിച്ച് നടപ്പിലാക്കുകയല്ല ചെയ്യുന്നത്. ഭക്തജനങ്ങളിൽ നിന്ന് തന്നെ മനസ്സിലാക്കി ആവശ്യങ്ങൾ നിറവേറ്റുക എന്ന ലക്ഷ്യത്തിലാണ് ഈ സംഗമം. ഇതിനോട് ഭക്തജനങ്ങൾ സർവ്വാത്മനാ സഹകരിക്കുന്നുവെന്നത് സന്തോഷകരമാണ്. യഥാർത്ഥ ഭക്തർക്ക് ഇങ്ങനെയേ ചെയ്യാനാകൂ. ഭക്തി പരിവേഷമണിയുന്നവർക്ക് പ്രത്യേക അജണ്ടയും താത്പര്യങ്ങളും ഉണ്ടാകും. അവർ ഭക്തജന സംഗമം തടയാൻ എല്ലാ പരിശ്രമങ്ങളും നടത്തിനോക്കി. പക്ഷേ വിജയിച്ചില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

യഥാർത്ഥ ഭക്തരെ തിരിച്ചറിയാൻ വിഷമമില്ലെന്ന് പറഞ്ഞ മുഖ്യമന്ത്രി അവരുടെ സ്വഭാവം ഭഗവദ്ഗീത തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും പറയുകയുണ്ടായി. തുടർന്ന് മുഖ്യമന്ത്രി ഭഗവദ്ഗീതയിൽനിന്നുള്ള ശ്ലോകങ്ങൾ ഉദ്ധരിച്ചു. ഭക്തിയുള്ളവരുടെ സംഗമമാണ് ഇത്. ഗീതയിലെ ഭക്തിസങ്കൽപ്പം ഉയർത്തിപ്പിടിക്കുന്നവരുടെ സംഗമം. മതനിരപേക്ഷമൂല്യങ്ങളുടെ വിശുദ്ധിയിൽ തിളങ്ങുന്നതാണ് ശബരിമല അയ്യപ്പക്ഷേത്രം. എല്ലാവരും ഒന്നാണെന്ന ബോധം തെളിയിക്കുക എന്നതാണ് ശബരിമലയുടെ സന്ദേശം.

ലോകത്ത് എവിടെനിന്നുമുള്ള അയ്യപ്പഭക്തർക്കും ശബരിമലയിലെത്തി ദർശനം നടത്താൻ സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ സർക്കാർ ശ്രദ്ധവെക്കുമ്പോൾ ദുർവ്യാഖ്യാനങ്ങൾ നടത്തി ഭിന്നിപ്പുണ്ടാക്കാൻ ചിലർ ശ്രമിക്കുന്നുണ്ടാകാം. അത് ശബരിമലയുടെയും ഭക്തരുടെയും താത്പര്യത്തിനല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

'ഇത്രകാലവും ഇല്ലാത്ത സംഗമം ഇപ്പോഴെന്തിനെന്ന് ചിലർ ചോദിക്കുന്നു. മാറുന്ന കാലത്തിനനുസരിച്ച് ഭക്തജന പ്രവാഹം വർധിക്കുമ്പോൾ അത് ആവശ്യപ്പെടുന്ന രീതിയിൽ ഉയർന്ന് ചിന്തിക്കേണ്ടതുണ്ട് എന്നതാണ് ആ ചോദ്യത്തിനുള്ള ഉത്തരം. ഇത് തടയാൻ കോടതിയിൽ പോയി എന്നത് ഖേദകരമാണ്. ക്ഷേത്ര ഭരണം വിശ്വാസികൾക്ക് വിട്ടുകൊടുത്ത് സർക്കാർ പിൻമാറണമെന്ന വാദം ചിലർ ഉയർത്തുന്നുണ്ട്. വിശ്വാസികളുടെ കൈകളിലായിരുന്നല്ലോ പണ്ട് ക്ഷേത്രങ്ങൾ ഉണ്ടായിരുന്നത്. ആരും നോക്കാനില്ലാതെ അത് നശിച്ച് പോയപ്പോഴാണ് സർക്കാരിന്റെ ഇടപെടൽ വേണമെന്ന ആവശ്യം ഭക്തരിൽനിന്ന് തന്നെ വന്നത്. അതോടെയാണ് തകർച്ചയിലായിരുന്ന നിരവധി ക്ഷേത്രങ്ങളും അവിടുത്തെ ജീവനക്കാരും ജീർണതയിൽ നിന്ന് രക്ഷപ്പെട്ടത്. അത്തരമൊരു തിരിച്ചുപോക്കാണോ ഈ വാദങ്ങൾ ഉന്നയിക്കുന്നരോട് ചോദിക്കണം' മുഖ്യമന്ത്രി പറഞ്ഞു.

ക്ഷേത്ര വരുമാനത്തിൽനിന്ന് സർക്കാർ ഒരു പൈസ പോലും എടുക്കുന്നില്ല. 2016-2017 വർഷം മുതൽ ദേവസ്വം സ്ഥാപനങ്ങളുടെ വികസനത്തിനായി 650 കോടിയോളം രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയ മുഖ്യമന്ത്രി ഓരോ ദേവസ്വം ബോർഡുകൾക്കും അനുവദിച്ച തുകയും അക്കമിട്ട് പറഞ്ഞു. സർക്കാർ അങ്ങോട്ട് കൊടുക്കുന്നത് കാണാതെയാണ് സർക്കാർ പണം കൊണ്ടുപോകുന്നുവെന്ന പ്രചാരണം നടത്തുന്നതെന്നും കുറ്റപ്പെടുത്തി.

## അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് സംസ്ഥാനത്ത് വീണ്ടും മരണം

തൃശൂർ : സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരുമരണം കൂടി. ചാവക്കാട് സ്വദേശിയായ റഹീം (59) ആണ് മരിച്ചത്.കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയവേയാണ് മരണം സംഭവിച്ചത്.

നേഗ്ലെറിയ ഫൗലേറി, അക്കാന്ത അമീബ, സാപ്പിനിയ, ബാലമുത്തിയ, വെർമീബ എന്നീ അമീബ വിഭാഗത്തിൽപ്പെട്ട രോഗാണുക്കൾ തലച്ചോറിനെ ബാധിക്കുമ്പോഴാണ് അമീബിക് മസ്തിഷ്കജ്വരം അഥവാ അമീബിക് മെനിൻജോ എൻസെഫലൈറ്റിസ് ഉണ്ടാകുന്നത്. സാധാരണയായി കെട്ടിക്കിടക്കുന്ന വെള്ളത്തിൽ മുങ്ങിക്കുളിക്കുന്നവരിലും നീന്തുന്നവരിലുമാണ് രോഗബാധ ഉണ്ടാകുന്നത്. മൂക്കിനെയും മസ്തിഷ്കത്തെയും വേർതിരിക്കുന്ന നേർത്ത പാളിയിലുള്ള സുഷിരങ്ങൾ വഴിയോ കർണപടലത്തിലുണ്ടാകുന്ന സുഷിരങ്ങൾ വഴിയോ അമീബ തലച്ചോറിലേക്ക് കടന്ന് രോഗകാരണമാവുന്നു.

97 ശതമാനത്തിലധികം മരണനിരക്കുള്ള രോഗമാണിത്. രോഗം മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് പകരില്ല. രോഗാണുബാധ ഉണ്ടായാൽ അഞ്ച് മുതൽ 10 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടമാകുന്നു.

## മധ്യവയസ്കന്റെ മൃതദേഹം കണ്ടെത്തി

തൃശൂർ : ചാവക്കാട് ബേബി റോഡ് ഫാറൂഖ് പള്ളി ബീച്ചിനോട് ചേർന്ന് കരയിൽ മധ്യവയസ്കന്റെ മൃതദേഹം കണ്ടെത്തി. ആളെ തിരിച്ചറിഞ്ഞിട്ടില്ല.

# ഷൈനിന്റെ കേസിൽ അവർ കുടുങ്ങുമോ? അപവാദത്തിലും വാദപ്രതിവാദം



എറണാകുളം: കെ.ജെ. ഷൈനെതിരായ സൈബർ ആക്രമണത്തിൽ ഐ.ടി ആക്ട് പ്രകാരം കേസെടുത്ത് പൊലീസ്. തനിക്കെതിരായ അപവാദപ്രചാരണത്തിൽ പ്രതിപക്ഷനേതാവ് വി.ഡി. സതീശന് പങ്കുണ്ടെന്ന് ഷൈൻ ആരോപിച്ചു. സി.പി.എമ്മിലെ വിഭാഗീയതയാണ് വിവാദത്തിന് പിന്നിലെന്ന് വി.ഡി.സതീശൻ തിരിച്ചടിച്ചു.

കോൺഗ്രസ് നേതാക്കൾക്ക് പങ്കുണ്ടെന്ന് കരുതുന്നില്ലെന്നാണ് കെ.എൻ.ഉണ്ണികൃഷ്ണൻ എം.എൽ.എയുടെയും നിലപാട്. തിരഞ്ഞെടുപ്പടുത്തിരിക്കെ വന്നുചാടിയ വിഷയത്തെ രാഷ്ട്രീയമായി ഉപയോഗിക്കുകയാണ് ഇരുകൂട്ടരുടെയും ലക്ഷ്യം. ആ ലക്ഷ്യം മുൻനിർത്തിത്തന്നെയാണ് വാദപ്രതിവാദങ്ങളും. പ്രദേശീക തലത്തിൽ നിന്ന വിഷയം മുഖ്യധാരയിലെയ്ക്കെത്തിയത് സൈബർ ആക്രമണം മുൻനിർത്തി കെ. ജെ. ഷൈൻ സമൂഹമാധ്യമത്തിലിട്ട കുറിപ്പോടെ. തങ്ങൾക്കുനേരെ ഉയർന്ന ആരോപണങ്ങളെ നിരാകരിക്കുന്നതിനൊപ്പം, വിഷയത്തെ സിപിഎമ്മിലെ വിഭാഗീയയുടെ തുടർച്ചയാക്കിമാറ്റുന്നു കോൺഗ്രസ്. ഇതിന് കരുത്തുപകർന്നതാകട്ടെ പ്രതിപക്ഷനേതാവിന് പങ്കുണ്ടെന്ന് വിശ്വസിക്കുന്നില്ലെന്ന കെ.എൻ ഉണ്ണികൃഷ്ണന്റെ പ്രതികരണവും. ഈ പ്രതികരണം വന്നതോടെ അതുവരെ രാഹുൽ മാങ്കൂട്ടം വിഷയം മുനനിർത്തി പ്രതിപക്ഷ നേതാവിനെയും, കോൺഗ്രസിനെയും കടന്നാക്രമിച്ച സിപിഎം വിഷമവൃത്തത്തിലായിട്ടുണ്ട്.

എല്ലാക്കാലത്തും എല്ലാം മറച്ചുവയ്ക്കാനാകില്ല എന്ന ഡിസിസി പ്രസിഡണ്ടിന്റെ മുനവച്ചവാക്കുകൾ കോൺഗ്രസ് വിഷയം വിട്ടുകളയുന്നില്ലെന്ന സൂചനയാണ്.

# ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കാൻ പോർച്ചുഗൽ; ഔദ്യോഗിക പ്രഖ്യാപനം നാളെ

ലിസ്ബൺ: ഫലസ്തീൻ രാഷ്ട്രത്തെ അംഗീരിക്കാൻ പോർച്ചുഗലും. ഞായറാഴ്ച ഫലസ്തീനെ അംഗീകരിച്ചുള്ള പോർച്ചുഗല്ലിന്റെ ഔദ്യോഗിക പ്രഖ്യാപനമുണ്ടാവും. യു.കെ, ഫ്രാൻസ്, കാനഡ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾക്ക് പിന്നാലെയാണ് പോർച്ചുഗലും ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കാൻ പോകുന്നത്.

പോർച്ചുഗീസ് വിദേശകാര്യ മന്ത്രാലയമാണ് ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുമെന്ന് അറിയിച്ചത്. യു.എൻ ജനറൽ അസംബ്ലിയിൽ ഫലസ്തീനെ സംബന്ധിച്ചുള്ള ചർച്ചകൾ അടുത്തയാഴ്ച നടക്കാനിരിക്കെയാണ് പോർച്ചുഗല്ലിന്റെ നീക്കം. പോർച്ചുഗൽ പ്രധാന മന്ത്രി ലുയിസ് മൊൺഡേഗ്രോ പ്രസിഡന്റുമായും പാർലമെന്റുമായും നടത്തിയ മാരത്തൺ ചർച്ചകൾക്കൊടുവിലാണ് തീരുമാനമുണ്ടായത്.

ഇതോടെ പോർച്ചുഗലിൽ 15 വർഷമായി തുടരുന്ന തർക്കങ്ങൾക്കാണ് വിരാമമാകുന്നത്. ലെഫ്റ്റ് ബ്ലോക്ക് പൊളിറ്റിക്കൽ പാർട്ടിയാണ് ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കണമെന്ന നിർദേശം ആദ്യം മുന്നോട്ടുവെച്ച?ത്. പിന്നീട് ഇക്കാര്യത്തിൽ വലിയ രീതിയിലുള്ള ചർച്ചകൾ പോർച്ചുഗലിൽ നടന്നിരുന്നു.

## കാടുകയറിയ ഭാഗത്ത് തലയോട്ടിയും അസ്ഥികഷ്ണങ്ങളും; കോട്ടയത്തെ സർക്കാർ സ്കൂളിന്റെ പിൻഭാഗത്ത് പരിശോധന

കോട്ടയം: ആർപ്പൂക്കര സർക്കാർ ഹയർസെക്കൻഡറി സ്കൂളിന്റെ പിൻഭാഗത്തുനിന്ന് തലയോട്ടിയും അസ്ഥികഷ്ണങ്ങളും കണ്ടെത്തി. സ്കൂളിന്റെ കാടുകയറിയ ഭാഗത്ത് നിന്നാണ് കണ്ടെത്തിയത്. ഗ്രൗണ്ടിൽ ക്രിക്ക?റ്റ് കളിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികൾ ബോളെടുക്കാൻ ഇന്നലെ കാട്ടിൽ കയറിയപ്പോഴായിരുന്നു സംഭവം.

ഗാന്ധിനഗർ പൊലീസ് ഇന്നലെ രാത്രി തന്നെ സംഭവസ്ഥലത്തെത്തി പരിശോധന നടത്തിയിരുന്നു. ഇന്നും പരിശോധന തുടരുകയാണ്. ഫോറൻസിക് വിദഗ്ധരുടെ സാന്നിദ്ധ്യത്തിലായിരുന്നു പരിശോധന. ഒരു മനുഷ്യശരീരത്തിന്റെ പൂർണമായ അസ്ഥി കഷ്ണങ്ങൾ കണ്ടെടുക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് പൊലീസ് നൽകുന്ന സൂചന. ഇവയ്ക്ക് വർഷങ്ങളുടെ കാലപഴക്കമുണ്ടെന്നാണ് പൊലീസ് പറയുന്നത്. അസ്ഥികഷ്ണത്തിനോടൊപ്പം തന്നെ ഒരു കുപ്പി വെള്ളം, മുണ്ട്, ചെരുപ്പ് എന്നിവയും കണ്ടെടുത്തിട്ടുണ്ട്. ഇവയെല്ലാം ശാസ്ത്രീയ പരിശോധനയ്ക്ക് അയക്കേണ്ടതുണ്ട്.












# സമ്പൂർണ ലഹരിവിമുക്ത കേരളം സാധ്യമാക്കുവാൻ വിപ്ലവകരമായ പദ്ധതികൾ ആവിഷ്ക്കരിക്കും: വി ഡി സതീശൻ

അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫ് വൻ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്നാൽ സമ്പൂർണ ലഹരിവിമുക്ത കേരളത്തിനു വേണ്ടി വിപ്ലവകരമായ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് പ്രതിപക്ഷ നേതാവ് അഡ്വ വി ഡി സതീശൻ ഉറപ്പ് പറഞ്ഞു. മദ്യവിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫുമായി തിരുവനന്തപുരം കണ്ടോൺമെന്റ് ഹൗസിൽ നടത്തിയ കൂടിക്കാഴ്ചക്കു ശേഷമാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

ലഹരിവിമുക്ത കേരളത്തിന് യുഡിഎഫ് പ്രകടനപത്രികയിലേക്കുള്ള മദ്യ വിമോചന മഹാസഖ്യത്തിന്റെ നിർദ്ദേശങ്ങൾ സമർപ്പിച്ച വേളയിലാണ് പ്രതിപക്ഷ നേതാവ് പ്രസ്താവിച്ചത്. നിർദ്ദേശങ്ങൾ പൂർണമായും ചുവടെ ചേർക്കുന്നു.

കഴിഞ്ഞ 10വർഷമായി മദ്യവും മറ്റു ലഹരിവസ്തുക്കളും കേരളത്തിൽ ഭയാനകമായ അന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്നു. പുത്തൻ തലമുറ ലഹരിക്കെണിയിൽ പെട്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. മാതാപിതാക്കൾ സ്വന്തം ഭവനത്തിൽ സ്വസ്ഥമായി ഉറങ്ങാൻ ധൈര്യപ്പെടുന്നില്ല. വിദ്യാർത്ഥികളും യുവാക്കളും ജീവിക്കാൻ കൊള്ളാവുന്ന മറ്റു രാജ്യങ്ങളിൽ കുടിയേറ്റം നടത്തുന്നു. മദ്യപിച്ചുള്ള കൊലപാതകങ്ങൾ നിത്യസംഭവങ്ങളാണ്. കേരളം എല്ലാ മേഖലകളിലും നാശത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ലഹരിവിമുക്ത കേരളത്തിന് പഴുതടച്ച നിയമം യുഡിഎഫ് കൊണ്ടുവരേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്.

### ലഹരിവിമുക്ത കേരളം സാധ്യമാണ്

ലഹരിക്കെതിരെ വിദ്യാർത്ഥികളെയും അവരുടെ മാതാപിതാക്കളെയും കുറ്റപ്പെടുത്തുന്ന ഇന്നത്തെ രീതി യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. വാസ്തവത്തിൽ ഇവയുടെ ലഭ്യത ഇല്ലാതാക്കുകയാണ് വേണ്ടത്. ലഹരിവസ്തുക്കളിൽ മദ്യം സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കാര്യമാണ്. മറ്റു ലഹരിവസ്തുക്കൾ അഖിലേന്ത്യാ തലത്തിൽ നിരോധിക്കപ്പെട്ടിരിക്കുകയാണ്. അവയുടെ നിരോധനം ഫലപ്രദമാക്കുക മാത്രമാണ് സർക്കാർ ചെയ്യേണ്ടത്. അവയുടെ നിരോധനം ഫലപ്രദമാക്കുവാൻ ചെയ്യേണ്ട പ്രധാന പ്രവൃത്തി, ഇവയുടെ കേരളത്തിലേക്കുള്ള വരവ് തടയുക എന്നതാണ്. 4മാർഗങ്ങളിലൂടെയാണ് ഇവ കേരളത്തിൽ എത്തുന്നത്. തീവണ്ടി, വിമാനം, റോഡ്, കടൽ എന്നീ മാർഗങ്ങളിലൂടെ. കഞ്ചാവ് പോലുള്ളവ കേരളത്തിൽ ചിലയിടങ്ങളിൽ കൃഷി ചെയ്യുന്നതായി കാണുന്നു. ഇതെല്ലാം തടയുവാൻ ഇച്ഛാശക്തിയുള്ള ഏതൊരു സർക്കാരിനും കഴിയാവുന്നതാണ്.

പോലീസ് - എക്സൈസ് ഉദ്യോഗസ്ഥർ ക്ലാസ് എടുക്കുകയല്ല, കോവിഡ് കാലത്ത് രോഗികളെ പിന്തുടർന്നതുപോലെ നിതാന്ത ജാഗ്രതയോടെ ഇവയുടെ വ്യാപനം തടയുവാൻ കർമനിരതരാകണം. ക്ലാസ്സെടുക്കുവാൻ യോഗ്യരായ അദ്ധ്യാപകർ വളരെയേറെ നമുക്കുണ്ട്. അവർക്ക് ആവശ്യമായ സിലബസ് നൽകിയാൽ മാത്രം മതിയാകും.




### മദ്യനയം

ഉമ്മൻചാണ്ടി സർക്കാർ നടപ്പാക്കാൻ ശ്രമിച്ച ഘട്ടം ഘട്ടമായുള്ള മദ്യനിരോധനം അല്പം വ്യത്യാസത്തോടെ നടപ്പാക്കുന്നതായിരിക്കണം യുഡിഎഫ് നയം. യുഡിഎഫ് അധികാരത്തിൽ വന്നാൽ അടുത്ത ജൂൺ 26 ന് (ആഗോള ലഹരി വിരുദ്ധ ദിനത്തിൽ) സർക്കാരിന്റെ ഈ മദ്യനയം പ്രഖ്യാപിക്കണം. 2027 ഏപ്രിൽ 1 മുതൽ അത് നടപ്പാക്കുകയും വേണം. അതേസമയം പഞ്ചായത്തീരാജ് നഗരപാലിക നിയമത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നീക്കം ചെയ്ത 232, 447 വകുപ്പുകൾ യുഡിഎഫ് അധികാരത്തിൽ വന്ന ഉടനെതന്നെ പുനഃസ്ഥാപിക്കുകയും വേണം.

5 വർഷം കൊണ്ട് സമ്പൂർണ മദ്യനിരോധനം നടപ്പാക്കുകയായിരിക്കണം ലക്ഷ്യം. എന്നാൽ മദ്യശാലകൾ അടച്ചുകൊണ്ടല്ല; മദ്യപാനികൾക്ക് അളവുകുറച്ച് മദ്യം നൽകിക്കൊണ്ടായിരിക്കണം. അതോടെ ബാർ അടപ്പിച്ചു എന്ന പേരും പറഞ്ഞ് ബഹളം വെക്കുവാനും കുതന്ത്രങ്ങൾ മെനയാനും അവസരം ഉണ്ടാവുകയില്ല. അതുപോലെ തൊഴിൽ നഷ്ടം എന്ന് പറഞ്ഞ് പാർട്ടിക്കാർ മുതലക്കണ്ണീർ ഒഴുക്കുവാൻ ഇട വരികയുമില്ല. മദ്യശാലകൾ പൂട്ടുന്ന രീതിയിലാണെങ്കിൽ ഓരോ ഘട്ടം കഴിയുമ്പോൾ അവശേഷിക്കുന്ന മദ്യശാലയിലേക്ക് തള്ളിക്കേറ്റം ഉണ്ടാവുക സ്വാഭാവികമാണ് അത് ഒഴിവാക്കാനും കഴിയും. അതോടൊപ്പം മദ്യം കിട്ടാതെ വരുന്ന സാഹചര്യത്തിൽ മദ്യപാനികൾ വ്യാജമദ്യത്തിനായി മറ്റു മാർഗങ്ങൾ തേടാതിരിക്കുവാനും ഈ രീതി ഉപകരിക്കും.

മദ്യപാനികൾക്ക് ഓരോ വർഷവും 25% അളവ് കുറച്ച് മദ്യം നൽകിക്കൊണ്ട് 4വർഷം കൊണ്ട് സമ്പൂർണ വിമുക്തി നേടുക എന്നതായിരിക്കണം നയം. ഇതിനിടയിൽ മദ്യപാനികൾക്ക് കൗൺസിലിംഗ് നൽകി മദ്യപാനത്തിൽനിന്ന് പിന്തിരിപ്പിക്കുവാൻ കഴിയണം. എന്നിട്ടും മോചിതരാകാത്തവർക്ക് ലഭ്യമായ എന്തെങ്കിലും ചികിത്സയുണ്ടെങ്കിൽ നൽകണം.

മദ്യനിരോധന നയം ജൂൺ 26 ന് പ്രഖ്യാപിച്ചു കഴിഞ്ഞാൽ മദ്യപാനം വേണ്ടെന്ന് വെക്കുവാൻ കഴിയാത്തവർ അവരുടെ മദ്യപാനം പഴയപടി തുടരുമ്പോഴും അവർക്ക് 2027 മാർച്ച് 31 വരെ കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്ന ഏത് ഡോക്ടറുടെയും പക്കൽനിന്നും അനുവദനീയമായ അളവിൽ മദ്യ ക്വാട്ടയുടെ പെർമിറ്റ് കരസ്ഥമാക്കാവുന്നതാണ്. ഏപ്രിൽ ഒന്നുമുതൽ എല്ലാ മദ്യപാനികൾക്കും ഈ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മദ്യപിക്കുവാനുള്ള ഓരോ ദിവസത്തേയും ക്വാട്ടയോടുകൂടിയ ലൈസൻസ് മദ്യശാലകളിൽനിന്നും ആവശ്യമായ ചാർജ് നൽകി നേടാവുന്നതാണ്. എടിഎം കാർഡ് മാതൃകയിലുള്ള ലൈസൻസ് ഉപയോഗിച്ച് ഏത് മദ്യശാലയിൽനിന്നും പണം നൽകി മദ്യം വാങ്ങി ഉപയോഗിക്കാം. ഇതോടെ മദ്യശാലയിലെ സ്റ്റോക്കും കൃത്യമായിരിക്കും.

ലൈസൻസ് അഥവാ പെർമിറ്റ് സംവിധാനം വരുന്നതോടെ (മദ്യനിരോധനമുള്ള ചില രാജ്യങ്ങളിൽ പെർമിറ്റ് സംവിധാനം നിലവിലുണ്ട്.) എല്ലാവരുടെയും മദ്യപാനത്തിന് നിയന്ത്രണം ഉണ്ടാകും. മാത്രവുമല്ല, സർക്കാർ ഖജനാവിന് വരുമാന നഷ്ടം പെട്ടെന്ന് സംഭവിക്കുന്നില്ല, സർക്കാരിന് ക്രമേണ വരുന്ന നഷ്ടം നികത്താൻ മറ്റ് മാർഗങ്ങൾ സ്വീകരിക്കുവാൻ സാവകാശം ലഭിക്കുകയും ചെയ്യും. ഈ പെർമിറ്റ് സംവിധാനത്തിന്റെ ഏറ്റവും വലിയ നേട്ടം പുതിയ മദ്യപാനികൾ ഉണ്ടാകുന്നില്ല എന്നതാണ്. നിലവിലെ കേരളത്തിന്റെ നിയമം അനുസരിച്ച് 23 വയസിനു മുകളിൽ പ്രായമുള്ളവർക്ക് മാത്രമാണ് മദ്യപാനത്തിന് അവകാശമുള്ളൂ. അതിനാൽ 23 വയസ് വരെയുള്ളവർക്ക് പെർമിറ്റ് ലഭ്യമാകില്ല. നിലവിലുള്ള മദ്യപാനികൾക്ക് മാത്രം പെർമിറ്റ് അനുവദിക്കുകയുള്ളൂ എന്നതിനാൽ തുടർന്ന് ആർക്കും പെർമിറ്റ് നൽകേണ്ടതില്ല. അങ്ങനെ കേരളത്തിൽ പുതിയ മദ്യപാനികൾ ഉണ്ടാകുന്നില്ല. നിലവിലുള്ള മദ്യപാനികൾ ഇല്ലാതാകുന്നതൊടെ കേരളത്തിൽ മദ്യപിക്കുന്നവർ ആരുംതന്നെ ഉണ്ടാവുകയില്ല എന്ന അവസ്ഥ സംജാതമാകും. കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ, ഓരോ ആഘോഷവും കഴിയുമ്പോൾ ഉയർന്നുകാണുന്ന മദ്യവില്പനയുടെ കണക്ക് സൂചിപ്പിക്കുന്നത് ലക്ഷക്കണക്കിന് മക്കൾ പുതിയ മദ്യപാനികളായി എന്നതാണ്.

മദ്യനിരോധന നയം പ്രഖ്യാപിച്ചു കഴിഞ്ഞാൽ (2026 ജൂൺ 26 ന് ശേഷം) ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ അതിശക്തമായ തോതിൽ തലങ്ങും വിലങ്ങും നടക്കണം. പട്ടാള ക്വാട്ട അനുസരിച്ച് ലഭിക്കുന്ന മദ്യം അവരവർ തന്നെ കുടിച്ചു തീർക്കണം. പുറത്ത് സൗജന്യമായോ വിലയ്ക്കോ നൽകുവാൻ പാടില്ല. ശ്രദ്ധയിൽ പെട്ടാൽ കടുത്ത ശിക്ഷ ഉറപ്പാക്കുകയും പട്ടാള ക്വാട്ട പിൻവലിക്കുകയും വേണം.

ക്ലബ്ബുകളുടെയും മറ്റും മദ്യവില്പന അധികാരം അഞ്ച് വർഷം കൊണ്ട് സമ്പൂർണമായി ഇല്ലാതാകണം. ഫൈവ് സ്റ്റാർ ഹോട്ടലുകളിലോ വിനോദ സഞ്ചാര കേന്ദ്രങ്ങളിലോ മദ്യലഭ്യത 5വർഷംകൊണ്ട് പൂർണമായും ഇല്ലാതാകും എന്ന് ഉറപ്പു വരുത്തണം. വിനോദ സഞ്ചാരികൾ വരുന്നത് മദ്യപിക്കാനല്ല; കേരളം കാണാനാണ്. അതിനുള്ള സൗകര്യങ്ങളാണ് ഒരുക്കേണ്ടത്.

മദ്യ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നവരെ പുനരധിവസിപ്പിക്കുവാനുള്ള കർമ്മപദ്ധതി നേരത്തേ ആവിഷ്കരിച്ചുതുടങ്ങണം. ജീവനക്കാരുടെ താല്പര്യം അനുസരിച്ച് അവർക്ക് യോജിക്കുന്ന മദ്യേതര സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സൗകര്യം നൽകണം. പാഠ്യപദ്ധതി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ പരിഷ്കരിക്കണം. ഇനി വരുന്ന സർക്കാരുകൾ മദ്യനിരോധന നിയമം അട്ടിമറിക്കാതിരിക്കുവാൻ കർശനമായ നിയമങ്ങൾ നിയമസഭ പാസാക്കണം. നാട്ടിൽ ജോലി ലഭിക്കുവാൻ സാധ്യതയില്ല എന്ന പേരിൽ ഒരു വിദ്യാർത്ഥിയും കേരളം വിട്ടു പോകേണ്ട സാഹചര്യം ഉണ്ടാവരുത്. അതേ സമയം മറ്റു ദേശങ്ങളിൽ നിന്നുപോലും വിദ്യാർത്ഥികൾക്ക് ഇവിടെ വന്നു പഠിക്കാൻ കഴിയുന്ന ഉന്നത നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിക്കണം.

മദ്യനിരോധന നിയമലംഘനം തടയുന്നതിന്, 65 വർഷമായി മദ്യനിരോധനം ഭംഗിയായി നടക്കുന്ന ഗുജറാത്ത് സംസ്ഥാനത്തിന്റെ മാതൃകയിൽ ആഭ്യന്തര വകുപ്പിന് മദ്യനിരോധനത്തിന്റെ ചുമതല ഏല്പിക്കുന്നത് നല്ലതായിരിക്കും. അവിടെ ലഹരിവസ്തുക്കൾ ഉപയോഗിച്ച് ലക്കുകെട്ട ആരെയും പുറത്ത് കാണുവാൻ പോലീസ് അനുവദിക്കില്ല, കടുത്ത ശിക്ഷയാണ്.

കേരളം ഇന്ത്യക്ക് മാത്രമല്ല, ലോകത്തിന് മാതൃകയാകണം. അടുത്ത തെരഞ്ഞെടുപ്പിൽ വിജയിക്കുവാനുള്ള തന്ത്രങ്ങൾ മാത്രം മെനയുന്ന രാഷ്ട്രീയ പാർട്ടികളുടെ ശൈലി അവസാനിപ്പിച്ച് കേരളത്തെ ലോകത്തിലെ ഏറ്റവും നല്ല ജീവിക്കുവാൻ കൊള്ളാവുന്ന സ്ഥലമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം എന്ന നിർദ്ദേശങ്ങളാണ് മദ്യ വിമോചന മഹാ സഖ്യം പ്രതിപക്ഷ നേതാവിന് സമർപ്പിച്ചത്.

# തുങ്കുഴി പിതാവിനെ ചേർത്തുപിടിച്ച് അധ്യാപക കുടുംബം

1997 തൃശ്ശൂർ അതിരൂപതയുടെ ആർച്ച് ബിഷപ്പായി സ്ഥാനമേറ്റ തുങ്കുഴി പിതാവുമായി സൗഹൃദം സ്ഥാപിച്ച അധ്യാപക ദമ്പതികളാണ് കൂനംമൂച്ചി സ്വദേശികളായ പി.ജെ. സ്റ്റൈജുവും അമ്പിളിപിറ്ററും ' ഇവർ രണ്ടുപേരും അന്ന് തൃശ്ശൂർ അതിരൂപതയുടെ സി എൽ സി യുടെ ഭാരവാഹികളായിരുന്നു.തൃശ്ശൂർ അതിരൂപതയിൽ സ്ഥാനം ഏറ്റെടുക്കുന്നതിനു മുൻപേ പാവറട്ടി സാഹിത്യദീപിക സംസ്കൃത കോളേജിന്റെ സ്ഥാപകനായിരുന്ന പിടി കുര്യാക്കോസ് മാസ്റ്ററുടെ ഇരുപത്തിയഞ്ചാം ചരമ വാർഷിക ആചരണത്തിന്റെ ഉദ്ഘാടനത്തിന് പിതാവിനെ ക്ഷണിക്കാനും ഭാഗ്യം ഉണ്ടായി, അന്ന് പുറനാട്ടുകര കേന്ദ്രീയ സംസ്കൃത കോളേജിലെ സ്റ്റുഡൻസ് യൂണിയൻ ചെയർമാൻ ആയിരുന്നു പി.ജെ. സ്റ്റൈജു. പിതാവിന്റെ തൃശ്ശൂരിലെ ആദ്യത്തെ പൊതുപരിപാടിയും അതായിരുന്നു. തുടർന്നുള്ള അതിരൂപത പ്രവർത്തനങ്ങളിൽ പിതാവിനോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചതും പാലയൂർ മഹാ തീർത്ഥാടനം, കാക്കനാട് നടന്ന ഫസ്റ്റ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ യുവജന പ്രതിനിധിയായി പങ്കെടുക്കാൻ സാധിച്ചതും പിതാവിന്റെ പ്രത്യേക താത്പര്യം കൊണ്ടായിരുന്നു.



21-ാം നൂറ്റാണ്ടിലേക്കുള്ള തൃശ്ശൂർ അതിരൂപത പ്രവർത്തനങ്ങളിലെ പങ്കാളിത്തം പിതാവുമായുള്ള സൗഹൃദത്തിന് ശക്തി കൂട്ടി. സൗഹൃദങ്ങളുടെ വളർച്ചയിൽ 4 തവണ വീട്ടിൽ വന്നതും ഞങ്ങളുടെ വിവാഹ ആശീർവാദത്തിന് കാർമ്മികത്വം വഹിച്ചതും മറക്കാനാകാത്ത ദീപ്ത സ്മരണകളാണ്. പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയുടെ ഭാഗമായി എന്റെ ഭവനത്തിൽ വന്നതും സമ്മനമായി പിതാവിന്റെ കാരുണ്യനിധിയിലേക്ക് നല്കിയ പണം എല്ലാവർഷവും

കുനംമൂച്ചി പള്ളിയിലെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനൊരുങ്ങുന്ന കുട്ടികളിലെ ഒരാൾക്ക് സമ്മാനിക്കാനായി പള്ളി അധികൃതരെ എല്പിച്ചതും നന്ദിയോടെ ഓർക്കുന്നു. പിതാവിന്റെ മെത്രാഭിഷേക ദിവസമായ മെയ് ഒന്നിന് തന്നെയാണ് പള്ളികളിൽ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടക്കുന്നു എന്നത് ഒരു സന്തോഷ അനുഭവമായിമാറി. ഭവനത്തിൽ പിതാവിനൊടൊപ്പം കേക്ക് മുറിച്ചതും പൊന്നാട അണിയിച്ചതും, ഇടക്കിടെ പിതാവിന്റെ വാസസ്ഥലമായ മൈനർ സെമിനാരിയിൽ കുടുംബത്തോടൊപ്പം പോകാറുള്ളതും, പിതാവിന്റെ സെക്രട്ടറി സിസ്റ്ററോട് രോഗ വിവരം അന്വേഷിക്കാറുള്ളതും, എന്റെ വിജയങ്ങളിൽ നേരിട്ട് വിളിക്കുന്ന പിതാവിന്റെ ആ സ്വരം ഇനി ഇല്ല എന്നതും ഒരു നൊമ്പരമായി അവേശേഷിക്കുന്നു. വലുതായി ഫ്രെയിം ചെയ്ത പിതാവിനോടൊപ്പമുള്ള വിവാഹ ആശീർവാദ ഫോട്ടോയും, പിതാവിന്റെ ദിനസന്ദേശ അടങ്ങിയ കലണ്ടറും, സമ്മാനമായി

നല്കിയ ജപമാലകളുമാണ് പിതാവിന്റെ ധന്യമായ ഓർമ്മകൾക്ക് ഇന്ന് ശക്തി നല്കുന്നത്. സമയവും ആരോഗ്യവും വിലയേറിയ കാര്യങ്ങളാണെന്നും തീരുമ്പോഴാണ് വിലയറിയുക എന്ന സെപ്റ്റംബർ 18 ലെ പിതാവിന്റെകലണ്ടർ ദിന ചിന്ത നേഞ്ചേറ്റി പിതാവിന്റെ മൃതസംസ്കാര ദിവസമായ തിങ്കളാഴ്ച കണ്ടാണശ്ശേരി എക്സൽപിയർ സ്കൂളിലെ ഒരു വിദ്യാർത്ഥിക്ക് ഒരു അട്ടിൻകുട്ടിയെ സമ്മാനിച്ചാണ് നല്ല ഇടയനായ ജെയ്ക്കബ് തുങ്കുഴി പിതാവിന്റെ ആത്മാവിനെ ഈ ദമ്പതികൾ ആദരാജ്ഞലികൾ അർപ്പിക്കുന്നത്.

## വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ

തൃശൂർ: പത്താമത് ദേശീയ ആയുർവേദ ദിനത്തോടനുബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ആയുഷ് മിഷൻ എന്നിവയുടെ നേതൃത്വത്തിൽ ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. എൽ.പി, യു.പി വിദ്യാർത്ഥികൾക്ക് ചിത്രരചന മത്സരവും ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രശ്നോത്തരി മത്സരവും ആയുർവേദ ദിനമായ സെപ്തംബർ 23 ന് രാവിലെ 9.30 ന് രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രിയിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 8075872559 നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക.

# സമസ്ത കേരള വാര്യർ സമാജം അപലപിക്കുന്നു

ഇരിങ്ങാലക്കുട: ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിലെ മാല കഴകം വിഷയത്തിൽ കൂടൽമാണിക്യം ദേവസ്വം ഭരണസമിതി സ്വീകരിച്ച നടപടിയെ സമസ്ത കേരള വാര്യർ സമാജം ശക്തിയായി അപലപിച്ചു.

ഹൈക്കോടതി കഴകം സംബന്ധമായ കേസിൽ 12-09-25ന് വിധി പ്രസ്താവിക്കുമ്പോൾ 54, 55 എന്നീ ഖണ്ഡികകളിൽ തെളിവുകൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് സിവിൽ കോടതിയാണ്. സിവിൽ കോടതി വിഷയം പരിശോധിച്ച് തീരുമാനം എടുത്തതിനു ശേഷം മാത്രമേ ഏതു നിയമനവും നടത്താവു എന്ന് അസന്നിഗ്ധമായി പറഞ്ഞതിനു ശേഷവും ദേവസ്വം ഭരണസമിതി ധൃതി പിടിച്ച് നിയമനം നടത്തിയ രീതി നിയമത്തെയും നീതിപീഠത്തെയും വെല്ലുവിളിക്കുന്നതാണെന്ന് സമസ്ത കേരള വാര്യർ സമാജം ചൂണ്ടിക്കാട്ടി.

യഥാർത്ഥത്തിൽ ദേവസ്വം കഴകം വിഷയത്തിൽ കോർട്ടലക്ഷ്യം ക്ഷണിച്ചു വരുത്തുകയാണ്. ക്ഷേത്രത്തിന്റെ ആചാര വിഷയങ്ങളിൽ തന്ത്രിയുടേതാണ് അവസാന വാക്ക് എന്ന സുപ്രീം കോടതിയുടെ വിധി വാര്യർ സമാജം ദേവസ്വം ഭരണസമിതിയേയും കേരള സർക്കാരിനെയും ഓർമ്മിപ്പിക്കുന്നു.

സിവിൽ കോടതിയിൽ തീരുമാനമാകും വരെ കഴകെ വിഷയത്തിൽ തൽസ്ഥിതി തുടരണം എന്നാവശ്യപ്പെട്ടുകൊണ്ട് ക്ഷേത്രം തന്ത്രിമാർ ദേവസ്വം ഭരണസമിതിയിൽ കത്ത് കെടുത്തിട്ടുണ്ട്. നിയമ വ്യവസ്ഥയെ വെല്ലുവിളിച്ച് ദേവസ്വം ബോർഡ് നടത്തിയ ദുഷ്ടലാക്കോടെയുള്ള നടപടിക്കെതിരെ പോരാടുന്ന താന്ത്രിക വിഭാഗത്തിനും പാരമ്പര്യ കഴകക്കാർക്കും സമസ്ത കേരള വാര്യർ സമാജം പൂർണ്ണപിന്തുണ പ്രഖ്യാപിക്കുന്നു.

ഹൈന്ദവ ക്ഷേത്രങ്ങളെ വിവാദ പ്രശ്നങ്ങളിൽപ്പെടുത്തി സമൂഹത്തിൽ സ്പർദ്ധയുണ്ടാക്കാനുള്ള ഗൂഢശ്രമങ്ങളിൽ വാര്യർ സമാജം ശക്തമായി പ്രതിഷേധിക്കുന്നതായി സമസ്ത കേരള വാര്യർ സമാജത്തിനുവേണ്ടി ജനറൽ സെക്രട്ടറി വി വി മുരളീധര വാര്യർ അറിയിച്ചു.

## പ്രതിരോധ കുത്തിവെപ്പ് ഉദ്ഘാടനം ചെയ്തു

ഒല്ലൂർ: തൃക്കൂർ ഗ്രാമ പഞ്ചായത്ത് 2025 - 26 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി തൃക്കൂർ ഗ്രാമ പഞ്ചായത്തും വെറ്ററിനറി ഡിസ്പെൻസറിയും സംയുക്തമായി നടപ്പിലാക്കുന്ന തെരുവു നായകളുടെ പേ വിഷബാധ പ്രതിരോധ കുത്തിവയ്പ്പിന്റെ ഉദ്ഘാടനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുന്ദരി മോഹൻദാസ് നിർവ്വഹിച്ചു.

വൈസ് പ്രസിഡന്റ് ഹേമലത സുകുമാരൻ അധ്യക്ഷയായ ചടങ്ങിൽ പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങളായ ജിഷ ഡേവിസ്, മേരിക്കുട്ടി വർഗീസ്, സലീഷ് ചെമ്പാറ പഞ്ചായത്ത് അംഗങ്ങളായ ഹനിത ഷാജു, ഷീബ നികേഷ്, മോഹനൻ തുഴുക്കാട്ട്, സൈമൺ നമ്പാടൻ, ഗിഫ്റ്റി ഡെയ്സൺ, മായ രാമചന്ദ്രൻ, കപിൽ രാജ്, ലിന്റോ തോമസ്, വെറ്ററിനറി ഡോക്ടർ സുനിത, അസിസ്റ്റന്റ് സെക്രട്ടറി സന്തോഷ് കുമാർ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.


## സങ്കൽപ് ഹബ്ബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ; എക്സ്പോർഷർ വിസിറ്റ് നടത്തി

തൃശൂർ:മിഷൻ ശക്തി പദ്ധതിയുടെ ഭാഗമായി സങ്കൽപ്പ് ഹബ്ബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ ക്യാമ്പയിൻ സംഘടിപ്പിച്ചു. എസ്.ടി.ഇ.എം മേഖലയിൽ മികവുപുലർത്തുന്ന സ്ത്രീകൾ, പെൺകുട്ടികൾ എന്ന വിഷയത്തിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസിന്റെ ബോധവൽക്കരണ പരിപാടിയും നടന്നു. ശാസ്ത്ര വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച വില്ലടം ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് ടു സയൻസ് ബാച്ചിലെ പത്ത് വിദ്യാർത്ഥിനികളും സ്കൂൾ കൗൺസിലർ സീന, അധ്യാപിക സൗമ്യ, ഉദ്യോഗസ്ഥരായ പി.ഡി. വിൻസെന്റ്, ബി.എസ്. സുജിത്ത്, പി.എം. അശ്വതി, ഇൻസ്പെക്ടർ പ്രീത എന്നിവർ സന്ദർശനത്തിൽ പങ്കെടുത്തു.




അഭിവന്ദ്യ തൂങ്കുഴി പിതാവിന് ആദരാഞ്ജലി

കാരുണ്യ കുറീസ് (P) ലിമിറ്റഡ്
Head Office: Karunya Chambers, Opp. Police Club,
HIGH ROAD, THRISSUR-680001.
Chairman THOMAS KOLLANNUR
Managing Director JOSE A. KOLLANNUR




അഭിവന്ദ്യ തൂങ്കുഴി പിതാവിന് ആദരാഞ്ജലി

കൊള്ളന്നൂർ ദേവസി & സൺസ്
തൃശൂർ
കോഴിക്കോട്
കൊച്ചി


### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണൽ മുമ്പാകെ**

**OP (MV) 1527/2011, EP: 5/2024**

ചാലക്കുടി താലൂക്ക് കൊടകര വില്ലേജ് വല്ലപ്പാടി ദേശത്ത് പട്ടത്തിൽ രവീന്ദ്രൻ ഭാര്യ അംബിക

- വിധി ഉടമ

കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ് ടി കെ എസ് പുരം ദേശത്ത് കുഞ്ഞിമാക്കാച്ചാലിൽ അബ്ദുൾ മജീദ് മകൻ അമർ അബ്ദുൾമജീദ്

- 1-ാം വിധി കടക്കാരൻ

മേൽ നമ്പറിൽ 1-ാം വിധി കടക്കാരനുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ ബോധിപ്പിച്ച ഹരജി അനുവദിച്ച് കേസ് **27-10-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി ഹരജി കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ താങ്കൾ അന്നേദിവസം പകൽ 11 മണിക്ക് മേൽകോടതി മുമ്പാകെ ഹാജരായി ബോ ധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 18-08-2025
വിധി ഉടമഭാഗം അഡ്വക്കേറ്റ്
**എ എ ബിജു** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ**

GOP: 165/2025

Shahitha, 39 years, W/o. Hassankutty (Late), Charuvil Peedikayil House, Thalassery Desom, Thalassery P.O., Thalappilly Taluk, Thrissur Dt.

-Petitioner

Moideekutty, aged about 48 years, S/o. Chekkamu (Late) Charuvil Peedikayil House, Thalassery Desom, Thalassery P.O., Thalappilly Taluk, Thrissur Dt.

-Respondent

**പത്രപരസ്യം**

മേൽ നമ്പർ കേസിൽ മേപ്പടി എതിർകക്ഷിക്കുള്ള നോട്ടീസ് ടിയാന്റെ വാസസ്ഥലത്തും പത്രത്തിലും പതിച്ചു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **18.10.2025** തീയതിയിലേക്ക് വിചാരണയ്ക്ക് വെച്ചിട്ടുള്ളതാണ്. മേൽ നമ്പർ കേസ് കാര്യത്തിൽ മേപ്പടി എതൃകക്ഷിക്ക് ആക്ഷേപം ഉള്ള പക്ഷം ടിയാൻ ടി തിയ്യതി പകൽ 11 മണിക്ക് ബഹുമാനപ്പെട്ട കോടതി മുമ്പാകെ നേരിലോ വക്കീൽ മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പർ കേസ് ടിയാനെ കൂടാതെ തീർപ്പാക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19-09-2025
ഹരജിഭാഗം അഡ്വക്കേറ്റ്
**ദിനേശ് ജി വാര്യർ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

OS: 194/2025

ഇരിങ്ങാലക്കുട കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-വാദി

1) തൃശൂർ താലൂക്ക് ഒല്ലൂർ വില്ലേജ് ദേശത്ത് ചീരൻ താരു മകൻ മാത്യു
2) ടി താലൂക്ക് അഞ്ഞൂർ വില്ലേജ് കൈപറമ്പ് ദേശത്ത് ആലുക്ക തോമസ് മകൻ ഷാജു
3) ടി താലൂക്ക് ഒല്ലൂർ വില്ലേജ് ദേശത്ത് ചീരൻ മാത്യു ഭാര്യ ആലീസ് മാത്യു
4) ടി യിൽ ചീരൻ റിനോയ് ഭാര്യ സിനി

-പ്രതികൾ

മേൽ നമ്പറിൽ 1, 2, 3, 4 പ്രതികൾക്കുള്ള സമൻസ് വാസസ്ഥലത്തും കോർട്ടിലും പതിച്ചുനടത്താൻ ബോധിപ്പിച്ച ഹരജി അനുവദിച്ച് മേൽ നമ്പർ കേസ് **29-10-2025** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണ്.

എന്ന്, 19-09-2025
വാദിഭാഗം അഡ്വക്കേറ്റ്
**എൽ ജെ ടോണി** (ഒപ്പ്)


കടുപ്പത്തിലൊരു ചായ...




കാജാ ചായ

# ദേശീയപാത 544 ലെ ഗതാഗതകുരുക്ക്

തൃശൂർ: ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി, ശക്തമായ നടപടികൾ സ്വീകരിച്ച് ജില്ലാ ഭരണകൂടംദേശീയപാത 544–ൽ മാസങ്ങളായി തുടരുന്ന ഗതാഗതപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജില്ലാ ഭരണകൂടം ശക്തമായ നടപടികൾ സ്വീകരിച്ചു. ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യന്റെ നേതൃത്വത്തിൽ സ്വീകരിച്ച കർശ്ശന നടപടികളെത്തുടർന്ന് ഗതാഗതകുരുക്കിന് വലിയതോതിലുള്ള കുറവുണ്ടായി. നിർമ്മാണത്തിലെ കാലതാമസവും യാത്രാദുരിതവും പരിഹരിക്കാൻ ദേശീയപാത അതോറിറ്റിക്ക് ജില്ലാ ഭരണകൂടം കർശ്ശന മുന്നറിയിപ്പുകൾ നൽകിയിരുന്നു. കൂടാതെ, ഹൈക്കോടതിയിൽ ടോൾ നിർത്തിവ്ക്കുന്നതിന് ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു.

ജൂൺ 12–ന് ഹൈക്കോടതിയിൽ സമർപ്പിച്ച ആദ്യ റിപ്പോർട്ടിൽ എൻ.എച്ച്.എ.ഐയുടെ വീഴ്ചകൾ ചൂണ്ടിക്കാട്ടി. നിർമ്മാണത്തിലെ കാലതാമസം, സുരക്ഷാ സംവിധാനങ്ങളുടെ അഭാവം, സർവ്വീസ് റോഡുകളുടെ ശോച്യാവസ്ഥ എന്നിവ റിപ്പോർട്ടിൽ വിശദീകരിച്ചിരുന്നു. ഈ റിപ്പോർട്ടിനെത്തുടർന്ന് ഹൈക്കോടതി പാലിയേക്കരയിലെ ടോൾ പിരിവ് താത്കാലികമായി നിർത്തിവെയ്ക്കാൻ ഉത്തരവിട്ടു. സുപ്രീം കോടതിയും ഈ നടപടി ശരിവച്ചു. പിന്നീട്, പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് ഓഗസ്റ്റ് 25–നും സെപ്തംബർ ഒമ്പത് മുതൽ കൃത്യമായ ഇടവേളകളിലും ജില്ലാ ഭരണകൂടം റിപ്പോർട്ടുകൾ സമർപ്പിച്ചു. സുരക്ഷാസംവിധാനങ്ങളൊരുക്കുന്നത് ഉൾപ്പെടെ പരമാവധി നടപടികൾ ദേശീയപാതാ അതോറിറ്റിയെക്കൊണ്ട് എടുപ്പിച്ചു.

കോടതി നിർദ്ദേശപ്രകാരം കളക്ടർ അധ്യക്ഷനായി ഒരു ഇന്ററിം ട്രാഫിക് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി. പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവരുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എൻ.എച്ച്.എ.ഐക്ക് 18 ഇന കർശ്ശന നിർദ്ദേശങ്ങൾ നൽകി. പേരാമ്പ്രയിലെ സർവ്വീസ് റോഡ് ടാർ ചെയ്യുക, കുഴികൾക്ക് ചുറ്റും സുരക്ഷയൊരുക്കുക, തകർന്ന റോഡുകൾ നന്നാക്കുക, അപകടകരമായ സ്ഥലങ്ങളിൽ ബാരിക്കേഡുകൾ സ്ഥാപിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. പിന്നീട് സെപ്തംബർ 17–ന് നാറ്റ്പാക്, പൊതുമരാമത്ത് വകുപ്പ് എൻ.എച്ച് എഞ്ചിനീയറിംഗ് വിഭാഗം, പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവരുൾപ്പെട്ട സംഘത്തെയും പരിശോധനയ്ക്കായി കളക്ടർ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ വേണ്ട നിർദ്ദേശങ്ങൾ എൻ.എച്ചിനും നൽകി.ഈ തുടർച്ചയായ ഇടപെടലുകളുടെ ഫലമായി അമ്പല്ലൂർ, ചിറങ്ങര തുടങ്ങിയ ഭാഗങ്ങളിലെ സർവ്വീസ് റോഡുകളുടെ നിർമ്മാണത്തിൽ കാര്യമായ പുരോഗതിയും ഗതാഗതകുരുക്കിന് അയവും ഉണ്ടായി.

നേരത്തെ, ഏപ്രിൽ 28–ന് 22 മണിക്കൂർ നേരത്തേക്ക് പാലിയേക്കരയിലെ ടോൾ പിരിവ് കളക്ടർ നിർത്തിവെച്ചിരുന്നു. അടിപ്പാത നിർമ്മാണത്തെത്തുടർന്നുണ്ടായ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ എൻ.എച്ച്.എ.ഐ നടപടികൾ സ്വീകരിക്കാത്തതിനാലായിരുന്നു ഈ തീരുമാനം.

ജില്ലാ ഭരണകൂടത്തിന്റെ ദൃഢനിശ്ചയവും സമയബന്ധിതമായ ഇടപെടലുകളുമാണ് ദേശീയപാത 544–ലെ യാത്രാദുരിതത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കിയത്. ജനങ്ങളുടെ സുരക്ഷയ്ക്കും സൗകര്യങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടുകളും കർശ്ശന നിർദ്ദേശങ്ങളും നിർമാണ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടി. എങ്കിലും, അടിപ്പാത നിർമാണത്തിന്റെ വേഗതക്കുറവും സർവ്വീസ് റോഡുകളുടെ തുടർ അറ്റകുറ്റപ്പണികളും സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതും ഉൾപ്പെടെയുള്ള പ്രധാന വിഷയങ്ങളിൽ പൂർണമായ പരിഹാരമാകുന്നതുവരെ ജില്ലാ ഭരണകൂടം നിരീക്ഷണം തുടരും. പൊലീസും മോട്ടോർ വാഹനവകുപ്പും ഗതാഗതവകുപ്പും ഈ കാലയളവിൽ തുടർച്ചയായി നടപടികൾ സ്വീകരിച്ചു. ജനങ്ങൾക്ക് സുഗമമായ യാത്ര ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ള നടപടികൾ തുടരുമെന്ന് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ വ്യക്തമാക്കി.

## അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനം; നാട്ടിക ബീച്ചിൽ ശുചീകരണ യജ്ഞം ഇന്ന്

തൃപ്രയാർ: അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനത്തിന്റെ ഭാഗമായി ഇന്ന് (സെപ്തംബർ 20) നാട്ടിക ബീച്ചിൽ ബൃഹത്തായ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. രാവിലെ 8ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് ശുചീകരണ യജ്ഞം ഉദ്ഘാടനം ചെയ്യും. നാട്ടിക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ആർ. ദിനേശൻ അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് കളക്ടർ സ്വാതി മോഹൻ റാത്തോഡ് മുഖ്യാതിഥിയായിരുന്നു.

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ തൃശ്ശൂർ ജില്ലാ ഓഫീസാണ് പരിപാടിക്ക് നേതൃത്വം നൽകിയത്. വിവിധ കോളേജുകളിൽ നിന്നും സ്കൂളുകളിൽ നിന്നുമായി 70 വിദ്യാർത്ഥികൾ ഉൾപ്പെടെ നൂറ്റിഅൻപതോളം പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. എസ്. എൻ കോളേജ് നാട്ടിക, വലപ്പാട് ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, ഗവ. ശ്രീരാമ പോളിടെക്നിക് തൃപ്രയാർ, ഗവ. ഫിഷറീസ് സ്കൂൾ നാട്ടിക എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് പുറമെ നാട്ടിക പഞ്ചായത്തിലെ ഹരിതകർമ്മസേന, പഞ്ചായത്ത് ജീവനക്കാർ, ഫിഷറീസ് വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവരും പങ്കെടുത്തു.

## പാൽ, മുട്ട വിതരണത്തിന് ടെണ്ടർ ക്ഷണിച്ചു

തൃശൂർ: മതിലകം ഐസിഡിഎസ് പ്രൊജക്ടിന് കീഴിലെ എടത്തിരുത്തി, കൈപ്പമംഗലം, മതിലകം, പെരിഞ്ഞനം, എസ്.എൻ പുരം എന്നീ പഞ്ചായത്തുകളിലെ പ്രീ സ്കൂൾ കുട്ടികൾക്ക് പാൽ, കോഴിമുട്ട എന്നിവ വിതരണം നടത്തുന്നതിന് താത്പര്യമുള്ള ഏജൻസികൾ/ വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. ആഴ്ചയിൽ മൂന്ന് ദിവസങ്ങളിലായി 2025 ഒക്ടോബർ മുതൽ 2026 മാർച്ച് 31 വരെയാണ് വിതരണം നടത്തേണ്ടത്. താത്പര്യമുള്ളവർ ഒക്ടോബർ നാലിന് ഉച്ചക്ക് 12:30നകം അതത് പഞ്ചായത്തുകളിലെ ഐസിഡിഎസ് സൂപ്പർവൈസർക്ക് അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് മതിലകം ഐസിഡിഎസ് ഓഫീസിലോ 9048313082, 9446369296 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

## കെ മോഹൻദാസ് എക്സ്.എം.പി യുടെ 29–ാംചരമവാർഷിക ദിനാചരണം



ഇരിങ്ങാലക്കുട:കെ മോഹൻദാസ് എക്സ്.എം.പി ഫൗണ്ടേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കെ. മോഹൻദാസ് എക്സ് എം.പി യുടെ 29 –ാം ചരമ വാർഷിക ദിനാചരണം നടത്തി.അനുസ്മരണ ചടങ്ങ് ഇരിഞ്ഞാലക്കുടയിൽ കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. രാഷ്ട്രീയ പ്രവർത്തകർക്ക് ഏറെ മാതൃകയാണെന്നും, ഒട്ടേറെ പ്രതിസന്ധികളെ അഭിമുഖീകരിച്ച് വിജയം കൈവരിച്ച വ്യക്തിത്വമാണ് കെ. മോഹൻദാസ് എന്നും തോമസ് ഉണ്ണിയാടൻ പറഞ്ഞു.

കേരള കോൺഗ്രസ് തൃശ്ശൂർ ജില്ലാ പ്രസിഡണ്ട് സി.വി.കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് ആമുഖ പ്രസംഗം നടത്തി. നിയോജകമണ്ഡലം പ്രസിഡണ്ട് റോക്കി ആളുക്കാരൻ ഭാരവാഹികളായ സേതുമാധവൻ പയംവളപ്പിൽ, ഉണ്ണിവിയൂർ, പിടി ജോർജ്, സിജോയ് തോമസ്, ജോസ് ചെമ്പകശ്ശേരി, സതീഷ് കാട്ടൂർ, മാഗി വിൻസന്റ്, ജോൺ മാസ്റ്റർ മുണ്ടൻ മാണി, വിൽസൺ മേച്ചേരി, ജോയ് എടാട്ടുകാരൻ, പീറ്റർ പാറേക്കാട്ട്, അഡ്വ. ലിജോ ജോൺ, ശ്രീധരൻ മുതിരപ്പറമ്പിൽ, ശിവരാമൻ കൊല്ലംപറമ്പിൽ,സുകുമാരൻ ജ്യോതിഷ്, നൈജോ ജോസഫ് ഊക്കൻ, ഷൈനി ജോജോ, ജോൺസൺ കോക്കാട്ട്, പോൾ നെരേപ്പറമ്പിൽ, ഫിലിപ്പ് ഓളാട്ടുപുറം, ജോമോൻ ജോൺസൺ, എ.ഡി. ഫ്രാൻസിസ്,ഷക്കീർ മങ്കാട്ടിൽ, ലീസി ഡാർവിൻ, അജിത സദാനന്ദൻ,തുഷാര ബിന്ദു, രമ പ്രദീപ്, ഷീല ജോയ് എപ്പറമ്പൻ, ഷീല ഡേവിസ് ആളൂക്കാരൻ, ലില്ലി തോമസ്, ബീന വാവച്ചൻ, സംഗീത ഫ്രാൻസിസ്, മേരി മത്തായി, ഉഷാദാസ്, അനിൽ ചന്ദ്രൻ, അനിലൻ പൊഴേക്കടവിൽ, ലോ നക്കുട്ടി കെ.ഒ, മോഹനൻ ചേരയ്ക്കൽ, ജയൻ പനോക്കിൽ, ബാബു ഏറാട്ട്എന്നിവർ പ്രസംഗിച്ചു

## ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രാദേശിക തൊഴിൽമേള 22 ന്

തൃശ്ശൂർ : വിജ്ഞാന കേരളം വിജ്ഞാന തൃശ്ശൂർ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ജില്ലാ മിഷന്റെ സഹകരണത്തോടെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 'നാളെക്കായി ഇന്ന് തന്നെ' എന്ന പേരിൽ പ്രാദേശിക തൊഴിൽ മേള സംഘടിപ്പിക്കുന്നു. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സെപ്റ്റംബർ 22 ന് രാവിലെ 10മുതൽ ഒരുമണിവരെയാണ് തൊഴിൽമേള നടക്കുക. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്യംസ് മേള ഉദ്ഘാടനം ചെയ്യും. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ജി. പ്രമോദ് അധ്യക്ഷത വഹിക്കും. പത്ത് സ്ഥാപനങ്ങളിലായി 250 ലധികം തൊഴിലവസരങ്ങളാണുള്ളത്. സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 8714319447 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഡ്രൈവർ–കം–അറ്റൻഡർ ഒഴിവ്

തൃശ്ശൂർ: ജില്ലയിലെ മൃഗ സംരക്ഷണ വകുപ്പിന് കീഴിൽ പഴയന്നൂർ മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഡ്രൈവർ–കം-അറ്റൻഡർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. ഒഴിവുകളിലേക്ക് സെപ്തംപർ 25 ന് രാവിലെ 11.30–ന് തൃശ്ശൂർ ഒളരിക്കരയിലുള്ള എസ്.എൽ.ബി.പി ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂ നടക്കും. ഏഴാം ക്ലാസ് യോഗ്യതയും ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസും ഉള്ളവർക്ക് അപേക്ഷിക്കാം. തെഞ്ഞെടുക്കപ്പെടുന്നവർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം ലഭിക്കും. നിയമനം 90 ദിവസത്തിൽ കുറഞ്ഞ കാലയളവിലേക്കായിരിക്കും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട രേഖകളുമായി അഭിമുഖത്തിന് ഹാജരാകണം. ഫോൺ – 0487 2361216.

**കോടതി പരസ്യം**

**ബഹു. തൃശ്ശൂർ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മുമ്പാകെ**

CC: 44/2024

തൃശ്ശൂർ താലൂക്ക് കൂർക്കഞ്ചേരി വില്ലേജ് ചുങ്കത്ത് ഐസക്ക് മകൻ ജാക്സൺ
-പരാതിക്കാരൻ

ANSON RAPHEL, I SOLUTION, 1st FLOOR, ANGELIC TOWER, EAST FORT, THRISSUR, 680005
-3–ാം എതൃകക്ഷി

മൂന്നാം എതിർകക്ഷിക്ക് എതിരെയുള്ള നോട്ടീസ് സ്ഥാപന അഡ്രസിലും കോടതിയിലും പതിച്ചു നടത്തുവാൻ കൽപ്പിച്ച് 02/12/2025 തീയതിക്ക് വിചാരണ വച്ചിരിക്കുന്നു അന്നേദിവസം പകൽ 11:00 മണിക്ക് നിങ്ങളോ അഡ്വക്കേറ്റോ ബഹുമാനപ്പെട്ട കമ്മീഷൻ മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസിൽ വിചാരണ നടത്തി തീർപ്പ് കൽപ്പിക്കും എന്നുമുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 22-09-2025
അന്യായഭാഗം, പരാതിക്കാരൻ
**ജാക്സൺ ഐസക്ക് സി**
(ഒപ്പ്)

**കോടതി പരസ്യം**

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

OS: 323/2025

സൗഹൃദം ചെങ്ങാലൂർ നിധി ലിമിറ്റഡ്
-അന്യായം

മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ് പുതുക്കാട് ദേശത്ത് (പുതുക്കാട് പി ഒ., പിൻ–680301) കാളിയങ്കര വീട്ടിൽ വറീത് ഭാര്യ ലില്ലി
-3–ാം പ്രതി

മേൽ നമ്പറിൽ മൂന്നാം പ്രതിക്കുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് 07–10–2025 തിയ്യതിക്ക് വെച്ചിട്ടുള്ളതും അന്നേ ദിവസം പകൽ11 മണിക്ക് നിങ്ങൾ നേരിട്ടോ അധികാരപ്പെടുത്തിയ അഡ്വക്കെറ്റ് മുഖാന്തിരമോ ബഹു. കോടതി മുമ്പാകെ ഹാജരായി പത്രിക ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം നിങ്ങളെ എക്സ് പാർട്ടിയാക്കി മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-09-2025
വാദിഭാഗം അഡ്വക്കെറ്റ്
**കെ ജി ദിലീപ്കുമാർ**
(ഒപ്പ്)

**കോടതി പരസ്യം**

**ബഹു. ഒറ്റപ്പാലം MACT മുമ്പാകെ**

**OP (MV) 889/2024**

Sulfath K.S.
-Petitioner

Parameswaran, S/o. KunjunNair, Vilakkithala House, Vellarakkad Desom, Thrissur
-Respondent No. 1

മേൽ നമ്പർ കേസ് 1–ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് 18–12–2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 20-09-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**പി കെ ജോൺ**
(ഒപ്പ്)

**കോടതി പരസ്യം**

**ബഹു. ഒറ്റപ്പാലം MACT മുമ്പാകെ**

**OP (MV) 1387/2021**

Rahul V.R.
-Petitioner

Singh Rajeev, Chambakkal House, Palluruthi, Eranakulam
-Respondent No. 2

മേൽ നമ്പർ കേസ് 2–ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് 12–01–2026 തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 20-09-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**പി കെ ജോൺ**
(ഒപ്പ്)

# 56–ാം ചരമദിനമാചരിക്കുന്ന മത സാമൂഹ്യ പ്രവർത്തകനായ എം.സി. ഔസേഫ് മാപ്രാണി



–ബേബി മൂക്കൻ

മികച്ച സംഘാടകൻ, ആവശ്യത്തിൽ ഞെരുങ്ങുന്നവരുടെ സഹായകൻ, സംഘടനാപ്രവർത്തകരുടെ ഉറ്റസുഹൃത്ത്, ഇടവകപ്രവർത്തനങ്ങളിലെ സജീവസാന്നിദ്ധ്യം, പ്രസ്ഥാനങ്ങളുടെ വഴികാട്ടി, ജീവകാരുണ്യപ്രവർത്തകരുടെ ആസൂത്രകൻ, സാമ്പത്തികകാര്യങ്ങളുടെ സുതാര്യനിയന്താവ്, തൊഴിലാളികളുടെ പ്രിയമാനേജർ, വടക്കേഅങ്ങാടി വളാഘോഷസമിതിയുടെ കരുത്തനായ മുന്നണിപോരാളി., മികച്ച വിൻസെൻഷ്യൻ നേതാവ്, കോൺഗ്രസിന്റെ നിശ്ശബ്ദ പ്രവർത്തകൻ, പൊതുപ്രവർത്തകരായ ചെറുപ്പക്കാരേയും മുതിർന്നവരേയും പ്രോത്സാഹിപ്പിക്കുന്ന സഹൃദയൻ തുടങ്ങിയ നിലകളിൽ കഴിഞ്ഞ അറുപതു വർഷമായി ഒല്ലൂരിൽ നിറഞ്ഞുനില്ക്കുന്ന സൗമ്യവ്യക്തിത്വമാണ് എം.സി. ഔസേഫ് മാപ്രാണി.

ഒല്ലൂർ പഴമുക്ക് അങ്ങാടിയിൽ മാപ്രാണി ചെറിയ–റോസ ദമ്പതികളുടെ മകനായി 1942 ജനുവരി 1 ന് ഔസേഫ് ജനിച്ചു. സെ. റാഫേൽ എൽ,പി. (പന്തൽ) സ്കൂൾ, ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിലായി പഠിച്ച് എസ്. എസ്. എൽ. സി. പാസ്സായി. തുടർന്ന് അന്നത്തെ ഒരു പ്രധാന മരകമ്പനിയായ എം.ഒ. ദേവസി ടിംബർ കമ്പനിയിൽ മാനേജരായി. 3 വർഷത്തിനുശേഷം അവിണിശ്ശേരി ഹിന്ദുസ്ഥാൻ ടൈൽ വർക്സിൽ ക്ലാർക്കായി. തുടർന്ന് 20 വർഷം മാനേജർ ആയി തുടർന്നു. 2000 വരെ സ്തുത്യർഹമായി പ്രവർത്തിച്ചു.

2000–ത്തിൽ എൻ.സി. ചുമ്മാറിന്റെ നേതൃത്വത്തിൽ തൃശൂരിൽ ആരംഭിച്ച പ്രമുഖ മില്ലേനിയം കുറി കമ്പനിയിൽ സ്ഥാപകഡയറക്ടറും പിന്നീട് ഡപ്യൂ. ചെയർമാനുമായി 18 വർഷം പ്രവർത്തിച്ചു. ചെറുപ്പത്തിൽതന്നെ പള്ളിയിലെ മരിയൻ സൊഡാലിറ്റി (സി.എൽ.സി)യിൽ അംഗമായും സെക്രട്ടറിയായും പ്രവർത്തിക്കുകയുണ്ടായി. പിന്നീട് വർഷംതോറും മാലാഖ തിരുനാൾ കമ്മിറ്റിയിലും സജീവമായി. 1998–ൽ ഇടവകയിൽ രൂപീകൃതമായ പ്രഥമ പ്രതിനിധിയോഗത്തിൽ അംഗമായി. തുടർന്ന് 2000–ൽ പള്ളിട്രസ്റ്റിയായി പ്രവർത്തിച്ചു. പിന്നീട് മാലാഖതിരുനാൾ ഫിനാൻസ് കമ്മിറ്റിയിലെ സജീവ അംഗമായി കുറേ വർഷം പ്രവർത്തിച്ചു.

സെ. വിൻസെന്റ് ഡി പോൾ സംഘം സ്ഥാപകാംഗമായ ഇളയപ്പൻ മാപ്രാണി അന്തോണിയുടെ പാത പിൻതുടർന്ന് 2011–ൽ വൈകിയാണ് സെ. വിൻസെന്റ് ഡി പോൾ സംഘത്തിൽ അംഗമായത്. തുടർന്ന് മൂന്ന് തവണ വൈ. പ്രസിഡണ്ടായി. പ്ലാറ്റിനം ജൂബിലി വൈസ് ചെയർമാനായും പ്രവർത്തിച്ചു. അംഗമായപ്പോൾ മുതൽ സംഘത്തിന്റെ സേവനപ്രവർത്തനങ്ങളിൽ എന്നും മുൻപന്തിയിലുണ്ട്. 25000 രൂപ വീതം 10 യുവതികളുടെ വിവാഹസഹായം, ദത്തുവിദ്യാർത്ഥികൾക്കുള്ള മാസംതോറും നല്കുന്ന പഠനസഹായം ജൂബിലി ആഘോഷത്തിന് പ്രഥമസഹായമായി 2 ലക്ഷം രൂപയും പിന്നീട് ഒരു ലക്ഷവും നല്കി. ഇതിനു പുറമേ 3 വിദ്യാർത്ഥികൾക്ക് 3 വർഷത്തേക്ക് പഠനസഹായം, 5 കുടുംബങ്ങൾക്ക് മാസംതോറും 1000 രൂപ വീതമുള്ള ധനസഹായവും നല്കുകയുണ്ടായി.

1961–ൽ ആരംഭിച്ച വടക്കേഅങ്ങാടി വളാഘോഷസമിതിയെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിൽ മുഖ്യപങ്കു വഹിച്ച അദ്ദേഹം 10 വർഷം ട്രഷറർ, 10 വർഷം കൺവീനർ, രജത–സുവർണ്ണജൂബിലി വർഷങ്ങളിൽ ജന. കൺവീനർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ജൂബിലി വർഷങ്ങളിൽ 3 ലക്ഷം രൂപ വീതം കാരുണ്യപ്രവർത്തനങ്ങൾക്ക് നല്കാനും നേതൃത്വം നല്കി. തന്റെ അയൽപക്കക്കാരനും പ്രമുഖ അധ്യാപകനേതാവും എഴുത്തുകാരനുമായ പോൾ പൊറുത്തൂരിന്റെ 'ചിന്നമ്മയിലെ പള്ളിയും മാലാഖയുടെ തിരുനാളും' എന്ന ഗ്രന്ഥം 2018–ൽ സ്വന്തം ചെലവിൽ 2000 കോപ്പി പബ്ലിഷ്ചെയ്ത്പുസ്തകപ്രസാധനരംഗത്തും തന്റെ സാന്നിധ്യം അറിയിച്ചു. വിശുദ്ധ നാട്, ഗൾഫ് രാജ്യങ്ങൾ, സിംഗപ്പൂർ, ചൈന തുടങ്ങിയ വിദേശരാജ്യങ്ങൾ സന്ദർശിക്കാനും അവസരമുണ്ടായിട്ടുണ്ട്

താൻ പഠിച്ച സ്കൂൾ എന്ന നിലയിൽ സെ. റാഫേൽ എൽ.പി. സ്കൂളിന്റെ സുവർണ്ണ ജൂബിലി, പ്ലാറ്റിനം ജൂബിലി എന്നിവയുടെ ആഘോഷവുമായി ബന്ധപ്പെട്ട് വിവിധ എൻഡോവ്മെന്റ് ഏർപ്പെടുത്താൻ ഫിനാൻസ് കൺവീനർ എന്ന നിലയിൽ പങ്കു വഹിച്ചു.

വിദ്യാർത്ഥിയായിരിക്കുമ്പോൾ വിമോചനസമരത്തിലെ നേരിട്ടുള്ള ഇടപെടൽ സജീവ കോൺഗ്രസ്സ് പ്രവർത്തനത്തിലേക്ക് നയിച്ചു. 1959 മുതൽ 69 വരെ ഇതിൽ സജീവമായിരുന്നു. അന്നുമുതൽ വെള്ള ഖദർ വസ്ത്രം ധരിക്കാൻ തുടങ്ങി. പഞ്ചായത്ത്, അസംബ്ലി, പാർലമെന്റ് തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിനു വേണ്ടി എന്നും രംഗത്തിറങ്ങാറുണ്ട്.

16 വർഷങ്ങൾക്കുമുമ്പ് സാമൂഹ്യരംഗത്തെ മാതൃകാപ്രവർത്തനങ്ങൾ കേട്ടറിഞ്ഞ് ഒല്ലൂരിലെ പ്രമുഖ ക്ലബ്ബുകളായ ലയൺ സ്, വൈ. എം. സി. എ, മോഡേൺ ആർട്സ് ക്ലബ്ബ്, സീനിയർ സിറ്റിസൺസ്, ജി സി സി ക്ലബ്ബ് എന്നിവയുടെ ഭാരവാഹികൾ അതിലേക്ക് ക്ഷണിക്കുകയും ആ രംഗത്തും സജീവപ്രവർത്തനം കാഴ്ചവെക്കുകയും ചെയ്തു. ക്ലബ്ബിന്റെ വിവിധ പ്രോജക്ടുകളിൽ കഴിവനുസരിച്ച് സഹായങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ പ്രാദേശികമായി നടക്കുന്ന വിവിധ പരിപാടികളിലും, ആഘോഷങ്ങളിലും മാപ്രാണി കുടുംബവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും സജീവനേതൃത്വവും സഹകരണവും നല്കാറുണ്ട്. ചിയ്യാരം, പനംകുറ്റിച്ചിറ, അവിണിശ്ശേരി പള്ളി നിർമ്മാണങ്ങൾക്ക് സഹായങ്ങൾ നല്കിയതിനു പുറമേ മുളയം മേജർ സെമിനാരി, നടത്തറ മൈനർ സെമിനാരി എന്നിവിടങ്ങളിലേക്ക് ബേഴ്സുകളും നല്കുകയും ചെയ്തു. കഴിഞ്ഞ മൂന്ന് വർഷമായി വിവിധ അസുഖങ്ങൾ മൂലം വീട്ടിൽ വിശ്രമത്തിലായിരുന്നു.

കുടുംബം: ഭാര്യ കൊടകര കൊളപ്രൻ അന്തോണി ആനി, മക്കൾ: വിൻസി, ഹാൻസ് (ബിസിനസ്സ്) ലാലി. മരുമക്കൾ: ഫ്രാൻസീസ് പാണേങ്ങാടൻ, വടക്കാഞ്ചേരി, ബിന്ദു തറയിൽ, കൊട്ടേക്കാട്, ഷാജു ചാലിശ്ശേരി, കാട്ടൂർ. 2025 ജൂലൈ 27 ന് നിര്യാതനായ എം.സി. ഔസേഫിന്റെ 56–ാം ചരമവാർഷികം സെപ്തംബർ 20 ശനിയാഴ്ച ഒല്ലൂർ പള്ളിയിൽ ആചരിക്കയാണ്.

## വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു

മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2025–26 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, പട്ടികജാതി വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തു. 71,676 രൂപ ചെലവിൽ 18 കട്ടിലുകളാണ് പദ്ധതിയുടെ ഭാഗമായി നൽകിയത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇന്ദിര മോഹനൻ വിതരണോദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് സണ്ണി ചെന്നിക്കര അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സാവിത്രി രാമചന്ദ്രൻ സ്വാഗതവും അസിസ്റ്റന്റ് സെക്രട്ടറി കെ.ആർ. രമേശ് കുമാർ നന്ദിയും പറഞ്ഞു.

പഞ്ചായത്തംഗങ്ങളായ ജെയ്മി ജോർജ്, മിഥുൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി അരുൺ ടി. ജോൺ, എസ്.സി. കോർഡിനേറ്റർ അമൽ തുടങ്ങിയവർ പങ്കെടുത്തു.

## കൗൺ സിലർ ദമ്പദികൾക്ക് ആദരം



ചാലക്കുടി: ചാലക്കുടി നഗരസഭയിൽ കൗൺസിലർമാരായി 25 വർഷം പൂർത്തീകരിച്ച ദമ്പതികളെ പുരസ്ക്കാരം നൽകി ആദരിക്കുന്നു. നിലവിലെ ചെയർമാൻ ഷിബു വാലപ്പനേയും, ഭാര്യ മുൻ ചെയർ പേഴ്സൺ കൂടിയായ ആലീസിനേയുമാണ് ആദരിക്കുന്നത്.

എറണാകുളം ആസ്ഥാനമായ കേരള യൂത്ത് ഗൈഡൻസ് മൂവ്മെന്റാണ് കൗൺസിൽ ദമ്പതികളെ ആദരിക്കുന്നതെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഒക്ടോബറിൽ ചാലക്കുടി നടക്കുന്ന ചടങ്ങിൽ 25000 രൂപയും, ഫലകവും പ്രശസ്തി പത്രവും സമർപ്പിക്കും.

കോൺഗ്രസ് കൗൺസിലർമാരാണിവർ.സി സംസ്ഥാനത്ത് കൗൺസിലർ മാരായി 25 വർഷം പൂർത്തീകരിച്ച ദമ്പതിമാർ ഷിബുവും ആലീസുമാണ്. 2000 മുതൽ ഇവർ കൗൺസിലർ മാറ്റം വാവാർ ഇവരുടെ വാർഡുകൾ കേന്ദ്രീകരിച്ച് വൻ വികസന പരിപാടികൾ നടന്നിട്ടുണ്ട്. തിരഞ്ഞെടുപ്പ് പ്രചരണത്തിന് കൊടി, പോസ്റ്റർ, നോട്ടീസ് തുടങ്ങിയവ ഉണ്ടായിരുന്നില്ല . വോട്ടർമാരെ നേരിട്ട് കണ്ട് വോട്ട് ചോദിക്കുന്ന രീതി പരക്കെ സ്വീകരിക്കപ്പെട്ടു. വാർത്താ സമ്മേളനത്തിൽ അഡ്വ: സേവ്യർ പാലാട്ടി, സോണി തോമസ് കെ പി. ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു.

**കോടതി പരസ്യം**

**ബഹു. ചാലക്കുടി മുൻസിഫ് കോടതി മുമ്പാകെ**

OS: 442/2024

**ഹരജിക്കാരി:**
സിന്ധു
**എതൃകക്ഷി:**
ഷാജു

ചാലക്കുടി താലൂക്ക് കാടുകുറ്റി വില്ലേജ് പാളയംപറമ്പ് ദേശത്ത് കണക്കശ്ശേരി വീട്ടിൽ ഷാജു ഭാര്യ 49 വയസ് സിന്ധു
– ഹരജിക്കാരി

ചാലക്കുടി താലൂക്ക് കാടുകുറ്റി വില്ലേജ് പാളയംപറമ്പ് ദേശത്ത് കണക്കശ്ശേരി വീട്ടിൽ 51 വയസ് ഷാജു ഇപ്പോൾ താമസം ചാലക്കുടി താലൂക്ക് അണ്ണല്ലൂർ വില്ലേജ് പഴൂക്കര ദേശത്ത് ചേങ്കുളത്തിൽ വീട്
-എതൃകക്ഷി

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള സമൻസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ അനുവദിച്ച് 14/10/2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി തർക്കമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ടി കേസിൽ തീർപ്പ് കല്പിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 10-09-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**ജയതി ആർ.**
(ഒപ്പ്)

**കോടതി പരസ്യം**

**ബഹു. ചാലക്കുടി മുൻസിഫ് കോടതി മുമ്പാകെ**

OS: 379/2024

**ഹരജിക്കാരി:**
സിസ്റ്റർ ത്രേസ്യാമ്മ ജോസഫ്
**എതൃകക്ഷികൾ:**
ടോണി ചെറിയാൻ മുതൽ പേർ

സിസ്റ്റർ ത്രേസ്യാമ്മ ജോസഫ് aged 67 old, No. 13, 2nd Cross Street, Avadi, Main Road, Karainchavady, Poonthamala
– ഹരജിക്കാരി

1) കണയന്നൂർ താലൂക്ക്, കളമശ്ശേരി വില്ലേജ്, ചങ്ങമ്പുഴ നഗർ ദേശത്ത് ഇലഞ്ഞിക്കൽ വീട്ടിൽ ചെറിയാൻ മകൻ 83 വയസ് ടോണി ചെറിയാൻ
2) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് ടിയിൽ ടി ചെറിയാൻ മകൻ 81 വയസ് വിൻസി ചെറിയാൻ
-എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള സമൻസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ അനുവദിച്ച് 04/10/2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി തർക്കമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ടി കേസിൽ തീർപ്പ് കല്പിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 08-09-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**ജയതി ആർ.** (ഒപ്പ്)

**കോടതി പരസ്യം**

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

OS: 345/2023, RP: 133/2024

1) മുകുന്ദപുരം താലൂക്ക്, ആമ്പല്ലൂർ വില്ലേജ്, വരാക്കര ദേശത്ത് പി ഒ. വരാക്കര, പിൻകോഡ്–680302, കോക്കാടൻ വീട്ടിൽ ജോസ് മകൻ 39 വയസ് റിഞ്ചു ജോസ്
2) മുകുന്ദപുരം താലൂക്ക്, ആമ്പല്ലൂർ വില്ലേജ്, വരാക്കര ദേശത്ത് പി ഒ. വരാക്കര, പിൻകോഡ്–680302, കോക്കാടൻ വീട്ടിൽ, മാത്യു മകൻ 65 വയസ് ജോസ് മാത്യു
-ഹരജിക്കാർ/(കൗണ്ടർ ക്ലെയിം വാദികൾ)

കൊടുങ്ങല്ലൂർ താലൂക്ക് ചെന്ത്രാപ്പിന്നി വില്ലേജ് ചെന്ത്രാപ്പിന്നി ദേശത്ത്, പി ഒ ചെന്ത്രാപ്പിന്നി, പിൻ–680657 പോത്താംപറമ്പിൽ വീട്ടിൽ പ്രതി ഉണ്ണികൃഷ്ണൻ ഭാര്യ 40 വയസ് രഹന
-എതൃകക്ഷി/(കൗണ്ടർ ക്ലെയിം)

മേൽ നമ്പറിൽ വാടക ബാക്കിക്കായുള്ള കേസിലെ പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുന്നതിന് കല്പിച്ച് മേൽ നമ്പർ കേസ് 30/09/2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു. മേൽ കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 22-08-2025
കൗണ്ടർ ക്ലെയിം വാദികൾ ഭാഗം അഡ്വക്കെറ്റ്
**പി ആർ ജോഷി** (ഒപ്പ്)

**56–ാം ചരമദിനം**
**(20–9–2025)**



**തേനംകുടത്ത് മാപ്രാണി ചെറിയ മകൻ**
**എം സി ഔസേപ്പ്**
ഒല്ലൂർ
ജനനം: 1-1-1942 മരണം: 27-7-2025
ദുഃഖാർത്ഥരായ കുടുംബാംഗങ്ങൾ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# പിണറായിയെ മാറ്റി മറ്റൊരാളെ മുഖ്യമന്ത്രി ആക്കിയാൽ 24 മണിക്കൂറിനകം അടിച്ചുപിരിയും- വെള്ളാപ്പള്ളി



പിണറായി വിജയൻ മാറിയാൽ എൽഡിഎഫ് പൂജ്യം ആകുമെന്ന് എസ്എൻഡിപി ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. അടുത്ത തിരഞ്ഞെടുപ്പിൽ പിണറായി വിജയൻ തന്നെ മുന്നണിയെ നയിക്കുകയും ഭൂരിപക്ഷം കിട്ടിയാൽ കേരളം ഭരിക്കുകയും വേണം. പിണറായിയെ മാറ്റി നിർത്തിയാൽ എല്ലാവർക്കും അധികാരം വേണ്ടിവരും. പ്രതിപക്ഷ നേതാവ് എന്ന നിലയ്ക്ക് വിഡി സതീശന് രണ്ടുമാർക്ക് മാത്രമേ നൽകാൻ കഴിയു. അത്രയും പരാജയമാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. അദ്ദേഹത്തിന്റെ വാക്കുകൾക്ക് പാർട്ടിയിൽ ഉള്ളവർക്ക് തന്നെ വിലയില്ല. ഇതുപോലെ ധാർഷ്ട്യവും അഹങ്കാരമുള്ള മറ്റൊരു പ്രതിപക്ഷ നേതാവിനെ താൻ ഇതിനുമുമ്പ് കണ്ടിട്ടില്ല. ഒരു പൊതുപ്രവർത്തകന് വേണ്ടത് വിനയമാണ്. കേരളത്തിൽ കോൺഗ്രസിന്റെ പ്രസക്തി നൽകുനാൾ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. മുസ്ലിം ലീഗിന് നൽകുന്ന അമിത പ്രാധാന്യമാണ് കാരണം. ഭൂരിപക്ഷം വോട്ടുകൾ കോൺഗ്രസിന് നഷ്ടമാവുന്നു. ലീഗ് എന്ന വടി ഇല്ലാതെ കോൺഗ്രസിന് കേരളത്തിൽ നിലനിൽപ്പില്ല എന്നും വെള്ളാപ്പള്ളി പറഞ്ഞു. മാതൃഭൂമി ഡോട്ട് കോമിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

# സ്വർണം 82,000 കടന്നു; പുതിയ റെക്കോഡിട്ട് പൊന്ന്



കൊച്ചി: സംസ്ഥാനത്ത് സ്വർണവില 82,000 ?രൂപ കടന്നു. ഗ്രാമിന്റെ വില 75 രൂപ വർധിച്ച് 10,280 രൂപയായി ഉയർന്നു. പവന് 600 രൂപയുടെ വർധനയാണ് ഉണ്ടായത്. ഇതോടെ ഒരു പവൻ സ്വർണത്തിന്റെ വില 82,240 രൂപയായി ഉയർന്നു. 18കാരറ്റ് സ്വർണത്തിന്റെ വില 60 രൂപ വർധിച്ച് 8440 രൂപയായി. വെള്ളിവിലയിൽ മാറ്റമില്ല. അതേസമയം, ആഗോള വിപണിയിൽ സ്വർണവിലയിൽ വർധനവുണ്ടായി.

40 ഡോളറിന്റെ വർധയാണ് മഞ്ഞലോഹത്തിന് ഉണ്ടായത്. 3,684.75 ഡോളറയാണ് വില ഉയർന്നത്. യു.എസിൽ സ്വർണത്തിന്റെ ഭാവിവിലകളും ഉയർന്നിട്ടുണ്ട്. 0.7 ശതമാനത്തിന്റെ വർധനവാണ് ഉണ്ടായത്. 3,705 ഡോളറായാണ് വില ഉയർന്നത്. യു.എസ് കേന്ദ്രബാങ്കായ ഫെഡറൽ റിസർവ് വായ്പ പലിശനിരക്കുകൾ കുറച്ചത് മൂലം സ്വർണവിലയിൽ വൻ വർധനവുണ്ടാവുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്.

എന്നാൽ, ലാഭമെടുക്ക് ശക്തമായതും യു.എസിൽ നിലനിൽക്കുന്ന പണപ്പെരുപ്പം മൂലം ഇനി നിരക്ക് കുറക്കലിനുള്ള സാധ്യത വിരളമാണെന്ന നിക്ഷേപകരുടെ വിലയിരുത്തലും സ്വർണവിലയെ സ്വാധീനിച്ചു. ആഗോള സാമ്പത്തികസാഹചര്യങ്ങൾ തന്നെയാവും വരും ദിവസങ്ങളിൽ സ്വർണവിലയെ സ്വാധീനിക്കുക.

അതേസമയം, കഴിഞ്ഞ ദിവസം സംസ്ഥാനത്ത് സ്വർണവിലയിൽ നേരിയ വർധനവ് മാത്രമാണ് രേഖപ്പെടുത്തിയത്. ഗ്രാമിന് 15 രൂപയുടെ വർധനയാണ് സ്വർണത്തിന് ഉണ്ടായത്. 10,205 രൂപയായാണ് വില വർധിച്ചത്. പവന് 120 രൂപയുടെ വർധനയാണ് ഉണ്ടായത്. പവന്റെ വില 81,640 രൂപയായാണ് വില വർധിച്ചത്. ആഗോള വിപണിയിൽ കഴിഞ്ഞ ദിവസം സ്വർണവിലയിൽ കാര്യമായ മാറ്റമുണ്ടായില്ല

# രാസവളങ്ങൾക്ക് വിലകൂടി, കിട്ടാനും പ്രയാസം; വളംചെയ്യേണ്ട കാലത്ത് കർഷകർക്ക് തിരിച്ചടി



കല്പറ്റ: കാപ്പിക്കും നെല്ലിനും കുരുമുളകിനും വാഴയ്ക്കും വളംചെയ്യേണ്ട കാലത്ത് രാസവളം കിട്ടാതെ കർഷകർ വലയുന്നു. കഴിഞ്ഞ മൂന്നുമാസമായി രാസവളങ്ങൾക്ക് വിപണിയിൽ കടുത്ത ക്ഷാമമാണ് നേരിടുന്നത്. മിക്കയിനങ്ങൾക്കും 250 മുതൽ 300 രൂപവരെ വിലയും കൂടി.

വളംചെയ്യേണ്ട കാലമായതോടെ കൂടിയവില നൽകിയാലും വളം വാങ്ങാൻ കർഷകർ ഒരുക്കമാണ്. അപ്പോഴാണ് ക്ഷാമം നേരിടുന്നത്. യൂറിയ, പൊട്ടാഷ്, അമോണിയ, ഡിഎപി (ഡൈ അമോണിയം ഫോസ്ഫേറ്റ്), കോംപ്ലക്സ് വളങ്ങളായ 16:16:16, 10:26:26, 15:15:15 തുടങ്ങിയവയ്ക്കും ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

വളംനിർമാണത്തിനുള്ള അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവാണ് വിലവർധനയിലേക്കും ക്ഷാമത്തിലേക്കും നയിച്ചതെന്നാണ് വ്യാപാരികൾ പറയുന്നത്. മുൻപ് 1450 രൂപയ്ക്ക് കിട്ടിയിരുന്ന 10:26:26 വളത്തിന് 1850 രൂപയായി ഉയർന്നു. കിലോയ്ക്ക് 1500 രൂപയ്ക്ക് കിട്ടിയിരുന്ന പൊട്ടാഷ് 1800 രൂപയായി. മറ്റുവളങ്ങളിലും ഇതേരീതിയിൽ വിലവർധനയുണ്ട്. തുക ഉയർത്തിയതിനു പുറമെ വളം ഡിപ്പോകളിൽ വളമെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ട് ചാർജ് വളംകമ്പനികൾ നൽകാത്തതും വ്യാപാരികളെ വലയ്ക്കുന്നുണ്ട്. ഓരോ താലൂക്കിലും ഉണ്ടായിരുന്ന ഡിപ്പോകളിൽ വളംകമ്പനികൾതന്നെ നേരിട്ട് വളമെത്തിക്കണമെന്നാണ് മുൻനിശ്ചയം. പക്ഷേ, ഇപ്പോൾ കോഴിക്കോട് റെയിൽവേ സ്റ്റേഷനിലാണ് വളമിറക്കുന്നത്. അവിടെനിന്ന് വ്യാപാരികൾതന്നെ വളമെത്തിക്കണം. ഇത് വ്യാപാരികൾക്കും ബാധ്യതയായി. കൂടാതെ സബ്സിഡിയുള്ള വളം ഇനങ്ങൾക്കൊപ്പം അല്ലാത്ത കോമ്പിനേഷൻ വളങ്ങളും വിറ്റഴിക്കാൻ വ്യാപാരികളിൽ കമ്പനികൾ സമ്മർദംചെലുത്തുന്നതായും പരാതിയുണ്ട്.

റേഷൻകടകളിലേതിന് സമാനമായി ആധാർകാർഡ് ഹാജരാക്കി വിരലടയാളം പതിപ്പിച്ചാണ് കർഷകർ വളം വാങ്ങുന്നത്. എന്നാൽ, വളം വാങ്ങുന്നതിന് പരിധിയില്ല. കഴിഞ്ഞ ഒരുമാസമായാണ് കർഷകർക്ക് ആവശ്യത്തിന് വളംകിട്ടാത്ത സാഹചര്യം അനുഭവപ്പെടുന്നതെന്ന് കർഷകനും ഹരിതസേന ജില്ലാ പ്രസിഡന്റുമായ എം. സുരേന്ദ്രൻ പറഞ്ഞു. സാധാരണയായി കാപ്പിക്കും നെല്ലിനുമൊക്കെയാണെങ്കിൽ ഒരേക്കറിൽ 150 കിലോവരെ വളം ചെയ്യേണ്ടിവരും. വിലകൂടിയതോടെ കൃഷിച്ചെലവിലും വലിയ വ്യത്യാസമുണ്ടായി. കാലാവസ്ഥാവ്യതിയാനം കാരണം വലയുന്ന കർഷകർക്ക് വളംകിട്ടാത്തതും വിലക്കൂടുതലും അധികബാധ്യതകളാണ് വരുത്തുന്നതെന്നും എം. സുരേന്ദ്രൻ പറഞ്ഞു.

അതേസമയം മുൻവർഷങ്ങളിലെ ആവശ്യം കണക്കാക്കി അതിനനുസൃതമായി ജില്ലയ്ക്ക് അനുവദിച്ച അത്രയും അളവിലുള്ള വളം വയനാട്ടിലെത്തിയിരുന്നതായി കൃഷിവകുപ്പ് അധികൃതർ അറിയിച്ചു. പക്ഷേ, കഴിഞ്ഞവർഷം കാപ്പിക്ക് നല്ലവില കിട്ടിയതിനാലും ഇക്കുറിയും വിലകിട്ടാൻ സാധ്യതയുള്ളതിനാലും കർഷകർ ഇക്കുറി കൃഷി നന്നായി ശ്രദ്ധിക്കുകയും വളത്തിന്റെ ആവശ്യകത വിപണിയിൽ കൂടുകയും ചെയ്തുവെന്നാണ് കൃഷിവകുപ്പിന്റെ അനുമാനം. കർഷകരെ പ്രതിസന്ധിയാക്കുന്നതരത്തിൽ ഇപ്പോൾ പ്രയാസമില്ലെന്നും അടുത്തദിവസം തന്നെ പുതിയ സ്റ്റോക്ക് വളമെത്തുമെന്നും കൃഷിവകുപ്പ് അധികൃതർ അറിയിച്ചു.

# വയോജനോത്സവം സംഘടിപ്പിച്ചു

കുന്നംകുളം: ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2025-26 വാർഷിക പദ്ധതിയുടെ ഭാഗമായി 'തനിച്ചല്ല നിങ്ങൾ, ഒപ്പമുണ്ട് ഞങ്ങൾ' എന്ന സന്ദേശമുയർത്തി 'വയോജനോത്സവം' സംഘടിപ്പിച്ചു.

ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ നടന്ന ചടങ്ങ് സിനിമാതാരം ടി.ജി. രവി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്ല്യംസ് അധ്യക്ഷത വഹിച്ചു.

# കശ്മീരിലെ ഉധംപൂരിൽ ഏറ്റുമുട്ടൽ; ഭീകരരെ വളഞ്ഞ് സുരക്ഷാസേന

ഉധംപൂർ: ജമ്മു കശ്മീരിലെ ഉധംപൂരിൽ ഭീകരരും സുരക്ഷാസേനയും തമ്മിൽ ഏറ്റുമുട്ടൽ. ഭീകരർ നടത്തിയ വെടിവെപ്പിൽ ഒരു സൈനികന് പരിക്കേറ്റു. മൂന്ന് ജയ്ശെ മുഹമ്മദ് ഭീകരരെ സുരക്ഷാസേന വളഞ്ഞതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.


കിഷ്താറിലെ ദോഡ-ഉധംപൂർ അതിർത്തിയിലാണ് ഏറ്റുമുട്ടൽ നടക്കുന്നത്. സൈന്യവും സ്പെഷ്യൽ ഓപറേഷൻ ഗ്രൂപ്പും പൊലീസും സംയുക്തമായാണ് ദൗത്യം നടത്തുന്നത്.

ഇതിനിടെ, പൂഞ്ച് സെക്ടറിൽ സംയുക്തസേന നടത്തിയ തിരച്ചിലിൽ എ.കെ. 47 തോക്കും മാഗസിനുകളും 20 ഹാൻഡ് ഗ്രനേഡുകളും കണ്ടെടുത്തു. രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിലായിരുന്നു സേനകളുടെ ഓപറേഷൻ.

കഴിഞ്ഞ ഒരു വർഷമായി ഭീകരരും സുരക്ഷാസേനയും തമ്മിൽ നിരവധി തവണ ഏറ്റുമുട്ടൽ നടന്ന സ്ഥലമാണ് ഉധംപൂർ. ജൂൺ 26ന് ദുദു-ബസന്ത് ഗാഹ് വനത്തിൽ നടന്ന ഏറ്റുമുട്ടലിൽ ഒരു ജെയ്ഷെ ഭീകരനെ വധിച്ചിരുന്നു. ഏപ്രിൽ 25ന് ബസന്ത്ഗാഹിൽ നടന്ന ഏറ്റുമുട്ടലിൽ കരസേന സൈനികൻ വീരമൃത്യു വരിച്ചിരുന്നു.


## പത്മവ്യൂഹം ഭേദിച്ച്

### 13-ാം പതിപ്പും ഇംഗ്ലീഷ് പതിപ്പും വില്പനയിൽ




മാരക രോഗത്തിന്റെയും പ്രൊഫഷണൽ ജീവിതത്തിന്റെയും വെല്ലുവിളികളുടെ 'പത്മവ്യൂഹം' ഭേദിച്ച അസാധാരണ മനഃശക്തിയുള്ള വ്യക്തിയുടെ ജീവിത കഥ. വർത്തമാന കാലത്തെ രോഗാവസ്ഥകളെയും പ്രതിരോധ പ്രവർത്തനങ്ങളേയും അടയാളപ്പെടുത്തുന്ന കൃതി. ചരിത്രത്തോടും സമകാലിക ജീവത യാഥാർത്ഥ്യങ്ങളോടും ചേർന്നു നടക്കുന്ന അപൂർവ്വ സുന്ദര രചനാ രീതികൊണ്ട് ശ്രദ്ധേയം.

പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പായ **'ബ്രേവിംഗ് ഓഡ്സ്'** 2-ാം പതിപ്പ് നിയമസഭാ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബിഷപ്പ് മോർ അത്തനേഷ്യസിന് നൽകിയാണ് പ്രകാശനം ചെയ്തത്.

**ഫോൺ: 9745561241**

അഡ്വ. എ ഡി ബെന്നിയുടെ അനുഭവം, ഓർമ്മ, ദർശനം



പത്മവ്യൂഹം ഭേദിച്ച്

മാണി പയസ്